നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# തിബത്തൻ പ്രതിഷേധം



ചീന തിബത്തൻ ജനതയെ അടിച്ചമർത്തുന്നതിൽ പ്രതിഷേധിച്ച് ഇന്ത്യയിലെ തിബത്തൻ അധിവാസ കേന്ദ്രമായ ധർമ്മശാലയിൽ ബുദ്ധഭിക്ഷുക്കൾ ദീപം കൊളുത്തി പ്രകടനം നടത്തുന്നു.

133

മെയ് 2008

# അധികാരത്തിന്റെ മത്ത്

വിന്ധ്യാ പർവ്വതനിരയോടു ചേർന്നു കിടക്കുന്ന തെക്കൻ യു. പി. യിലെ ബന്ദൽഖണ്ഡ് മേഖലയിൽ വരൾച്ചയും വിളനാശവും ഋണബാധ്യതയും മൂലം ആത്മഹത്യകൾ വർധിച്ചുവരുന്നു. കഴിഞ്ഞ അഞ്ചുകൊല്ലമായി വളരെകുറച്ചുമഴയേ ഇവിടെ ലഭിച്ചുവരുന്നുള്ളൂ. വിളനാശം മൂലം കർഷകരും കർഷകതൊഴിലാളികളും ഗതികേടിലാണ്. തൊട്ടപ്പുറത്ത് മഹാരാഷ്ട്രത്തിലെ വിദർഭയിലെന്നപോലെ ഇവിടേയും വളരെയേറെ ആത്മഹത്യ നടന്നിട്ടുണ്ട്.

ഈയിടെ ബന്ദൽഖണ്ഡ് മേഖലയിൽപെട്ട ഝാൻസിയിൽ നടന്ന ഒരു ബി.എസ്.പി. റാലിയിൽ മുഖ്യമന്ത്രി മായാവതി പ്രസംഗിക്കുകയുണ്ടായി. യു.പി. യിൽ ഒരാളും ആത്മഹത്യ ചെയ്തിട്ടില്ലെന്നും, യു.പി. യിൽ പട്ടിണി മരണം ഉണ്ടായിട്ടില്ലെന്നും അവർ പറഞ്ഞത് എല്ലാവരേയും അമ്പരപ്പിച്ചു. ബന്ദൽഖണ്ഡ് മേഖലയിൽതന്നെ 200 കർഷക ആത്മഹത്യകളും 250 പട്ടിണി മരണങ്ങളും നടന്നതായി റിപ്പോർട്ടുണ്ട്. കർഷക ആത്മഹത്യയിൽ 30 ശതമാനവും പട്ടിണി മരണത്തിൽ 80 ശതമാനവും ദളിതുകളാണെന്ന ഒരു പ്രത്യേകതകൂടി യു. പി. ക്കുണ്ട്.

ദളിതുകളുടെ നേതാവായ മായാവതി അധികാരമേറ്റശേഷം നടന്ന ദളിത് ആത്മഹത്യകളുടേയും പട്ടിണി മരണങ്ങളുടേയും ലിസ്റ്റ് ദളിത് മുക്തി മോർച്ച, പി. യു.സി.എൽ., ആശാ പരിവാർ, ശൂദ്രമഹാ സഭ തുടങ്ങിയ സംഘടനകൾ മുഖ്യമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.

യു.പി. യിലെ ജനസംഖ്യയിൽ 21 ശതമാനവും ദളിതുകളാണ് (മൂന്നരകോടി). ഇന്ത്യയിൽ ഏറ്റവുമധികം നിരക്ഷരരുള്ളതും യു. പി. തന്നെ. ദളിതുകളിൽ 88 ശതമാനവും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. ഇവരിൽ സാക്ഷരർ എന്നു പറയാവുന്നവർ 46 ശതമാനമേയുള്ളൂ. ദളിതുകളുടെ വിദ്യാഭ്യാസത്തിന്ന് നാനാവിധ സൗജന്യങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടും അപ്പർ പ്രൈമറിവരെ പഠിച്ചവർ 18 ശതമാനം മാത്രമാണ്. ദളിതുകളിൽ മൂന്നര ശതമാനത്തിന്നേ ബിരുദം നേടാൻ കഴിഞ്ഞിട്ടുള്ളൂ.

അഞ്ചു വയസ്സിന്നും 14 വയസ്സിന്നും ഇടക്കു പ്രായമുള്ള 133 ലക്ഷം ദളിതു ബാലികാ-ബാലന്മാർ യു.പി.യിലുണ്ട്. ഇവരിൽ 58 ലക്ഷമേ സ്കൂളിൽ പോകുന്നുള്ളൂ. ദളിതുകളുടെ നേതാവ് നാടുവാഴുന്ന ഒരു നാട്ടിൽ ദളിതുകളുടെ മേൽഗതിക്ക് അടിസ്ഥാനപരമായും ആവശ്യമായിരിക്കുന്ന വിദ്യാഭ്യാസത്തിന്റെ കാര്യത്തിലെങ്കിലും ശ്രദ്ധിക്കേണ്ടതല്ലേ? ❑

ജനനീതി

മെയ് 2008
133

പത്രാധിപർ:
ടി.വി. അച്ചുതവാരിയർ

പത്രാധിപസമിതി:
കെ.ജി. ശങ്കരപ്പിള്ള
സി.പി. ഗംഗാധരൻ
ഫ്രാൻസീസ് സേവ്യർ
പി.എസ്. മനോജ്കുമാർ
പി.എൻ. ഗോപീകൃഷ്ണൻ
എൻ.എൻ. ഗോകുൽദാസ്
ജോർജ്ജ് പുലികുത്തിയിൽ

ജനനീതി
പി.ബി. നമ്പർ 8
തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്
തൃശൂർ – 680 651

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# തിബത്തുകാരെ വെറുതെ വിട്ടാൽ പ്രശ്നം തീരും

**വി**വേക ശൂന്യമായൊരു നയമാണ് ചീന തിബത്തിൽ അവലംബിച്ചുവരുന്നത്. പ്രശ്ന പരിഹാരത്തിന് സുഗമമായൊരു മാർഗ്ഗമുണ്ടായിട്ടും ചീനാ നേതാക്കൾ അതിന്നുനേരെ പുറംതിരിഞ്ഞു നിൽക്കുന്നുവെന്നത് അത്ഭുതകരമായിതോന്നാം.

തിബത്ത് ചീനയുടെ ഭാഗമാണോ അല്ലയോ എന്നതിനെച്ചൊല്ലി എത്രകാലം വേണമെങ്കിലും തർക്കിക്കാം. ഇരുകൂട്ടർക്കും പറയാൻ ഒട്ടേറെ ന്യായങ്ങളുണ്ട്. 1905 മുതൽ 1949 വരെ തിബത്ത് ഒരു സ്വതന്ത്ര രാജ്യമായിരുന്നുവെന്നുതും 1950 ൽ ചീനാ പട്ടാളം തിബത്തിന്റെ നേരെ ആക്രമണം നടത്തിയെന്നതും നിസ്തർക്കമായ കാര്യങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിന്നു മുമ്പ് കാര്യങ്ങൾ എങ്ങനെയെല്ലാമായിരുന്നുവെന്നതാണ് തർക്കപ്രശ്നം. ആ തർക്കം എങ്ങും എത്തുകയില്ല എന്നതാണ് വാസ്തവം.

1950 ൽ ചീനാ പട്ടാളം തിബത്ത് പിടിച്ചടക്കിയശേഷം ചീനാ നേതാവായ മാവോ സേതുങ്ങും തിബത്തൻ നേതാവായ ദലായ്‌ലാമയും തമ്മിൽ ഒരു കരാറുണ്ടാക്കിയിരുന്നു. ഇതനുസരിച്ച് ചീനയുടെ പരമാധികാരത്തിന്നു കീഴിൽ തിബത്തിന്ന് സ്വയം ഭരണാവകാശവും പ്രത്യേക പദവിയും നൽകാമെന്ന് ഏറ്റിരുന്നു. എന്നാൽ അതൊന്നും നടന്നില്ല. ചീനാ പട്ടാളം മാത്രമല്ല ചൈനീസ് ഉദ്യോഗസ്ഥൻമാരും ചീനരായ ജനങ്ങളും അലയലയായി തിബത്തിലേക്ക് കുടിയേറാൻ തുടങ്ങി. പലസ്തീൻ പ്രദേശത്ത് ജൂതന്മാർ നടത്തിയ കുടിയേറ്റത്തെ അനുസ്മരിപ്പിക്കുന്ന ഒന്നായിരുന്നു ഇത്. സ്വാഭാവികമായും തിബത്തുകാർ അതിൽ പ്രതിഷേധിച്ചു. ആ പ്രതിഷേധമാണ് 1959 ലെ കലാപമായി രൂപാന്തരപ്പെട്ടത്. തിബത്തുകാരുടെ

സർവ്വസ്വവുമായ ദലായ്ലാമ ഒരു ലക്ഷത്തോളം അനുയായികളോടൊപ്പം ഇന്ത്യയിലേക്ക് പലായനം നടത്തി.

തിബത്തുകാരുടെ കലാപം ചീനാപട്ടാളം അടിച്ചമർത്തിയെങ്കിലും അത് ഇടക്കിടെ ആളിക്കത്താറുണ്ട്. ഇക്കൊല്ലവും 1959ലെ കലാപത്തിന്റെ വാർഷികാചരണവേളയിൽ മാർച്ച് 10ന്ന് തിബത്തിൽ കലാപം പൊട്ടിപ്പുറപ്പെട്ടു. അതിന്ന് പ്രത്യേക കാരണവുമുണ്ട്. ചീന അടുത്ത ആഗസ്തിൽ ഒളിമ്പിക്സിന്ന് ആതിഥ്യമരുളുകയാണ്. തങ്ങളെക്കുറിച്ച് വളരെ നല്ലൊരു മതിപ്പ് ലോകത്തിന്നുണ്ടാക്കാൻ ഇതൊരു സുവർണ്ണാവസരമായി ചീന കണക്കാക്കുന്നു. തിബത്തുകാരുടെ ലാക്കും അതാണ്. അമ്പതുകൊല്ലമായി അടിമത്തത്തിൽ ആണ്ടുകിടക്കുന്ന തങ്ങളുടെ ദുർവ്വിധിയിലേക്ക് ലോകത്തിന്റെ ശ്രദ്ധയാകർഷിക്കാൻ ഏറ്റവും പറ്റിയ അവസരം ഇതാണെന്ന് തിബത്തുകാർ കരുതുന്നു.

തിബത്തിലെ ജനസംഖ്യ ഏതാണ്ട് എൺപതുലക്ഷമാണെന്നാണ് കണക്കാക്കുപ്പെടുന്നത്; അതായത് തിബത്തൻ വംശജരുടേത്. ഇതിൽ പകുതി തിബത്തിലും ബാക്കി തിബത്തിനോട് ചേർന്ന ചീനാ സംസ്ഥാനങ്ങളിലുമാണ്. തിബത്തിൽ ഇപ്പോൾ തിബത്തൻ വംശജരോളം തന്നെ ചീനരും കുടിയേറിപ്പാർത്തിട്ടുണ്ടെന്നാണ് പറയുന്നത്. ഏതായാലും ഭരണാധികാരം മുഴുവൻ ചീനരുടെ അധീനത്തിലാണ്.

ചീനക്ക് തിബത്തിനെ അധീനത്തിൽ നിർത്തേണ്ടത് ഒരാവശ്യമാണ്. മധ്യേഷ്യൻ രാജ്യങ്ങളിലേക്കും അറബിലോകത്തിലേക്കും സ്വാധീനം ചെലുത്താൻ തിബത്ത് കൂടിയേതീരൂ. എന്തെല്ലാം വിപ്ലവം പ്രസംഗിച്ചാലും ശരി, സ്വാർത്ഥ താൽപര്യമാണ് എല്ലാ രാജ്യങ്ങളേയും ഭരിക്കുന്നത്. അതുകൊണ്ടാണ് ചീന ഒരിക്കൽ വിയറ്റ്നാമിനെ ആക്രമിച്ചത്; ഒരിക്കൽ റഷ്യയുമായി ഏറ്റുമുട്ടിയത്. പക്ഷെ തിബത്ത് വിയറ്റ്നാമോ റഷ്യയോ അല്ല; ചീനാ കയ്യേറ്റത്തിന്നുമുന്നിൽ നിസ്സഹായമായി കീഴടങ്ങുകയാണ് തിബത്തുകാർ ചെയ്തത്.

ചീനയുമായി ഒരു ഒത്തുതീർപ്പുണ്ടാക്കാൻ ദലായ്ലാമ വളരെയേറെ ശ്രമിക്കുകയുണ്ടായെങ്കിലും ഒന്നും ഫലവത്തായില്ല. ചീനയുടെ അധീശത്വം അംഗീകരിക്കാൻ ദലായ്ലാമ തയ്യാറാണ്; എന്നാൽ തിബത്തിലെ ജനങ്ങൾക്ക് സ്വയം ഭരണാവകാശം ലഭിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ചീന അതിന്നു തയ്യാറില്ല. അതിനാൽ ദലായ്ലാമ 1991 ൽ ആരംഭിച്ച ഒത്തുതീർപ്പ് ചർച്ചകൾ 1994ൽ നിർത്തിവയ്ക്കേണ്ടിവന്നു.

വൃദ്ധനായ ദലായ്ലാമയുടെ കാലം കഴിയുന്നതോടെ തിബത്തിലെ പ്രശ്നങ്ങളെല്ലാം തീരുമെന്ന് ചീന കണക്കാക്കുന്നുണ്ടെന്നു തോന്നുന്നു. എന്നാൽ ഇത് നേരെ മറിച്ചും വന്നുകൂടായ്കയില്ല. പക്വമതിയായ ഒരു നേതാവിന്റെ അഭാവത്തിൽ തിബത്തുകാർ കൂടുതൽ ക്ഷുബ്ധരായെന്നുവരും. ഹോങ്കോങ്ങിന്റെ കാര്യത്തിലും മക്കാവോവിന്റെ കാര്യത്തിലും വിട്ടുവീഴ്ചക്ക് തയ്യാറാകുന്ന ചീന തിബത്തിന്റെ കാര്യത്തിൽ മർക്കടമുഷ്ടി കാണിക്കുന്നത് ദുരൂഹമായി തോന്നുന്നു; പ്രത്യേകിച്ചും ചീനയിൽ നിന്ന് ഒരൗദാര്യവും തിബത്തുകാർ ആവശ്യപ്പെടുന്നില്ല. തിബത്തുകാരെ വെറുതെവിട്ടാൽ തീരുന്ന പ്രശ്നമേ ഇപ്പോഴുള്ളൂ.

ചീനയിൽ 56 ന്യൂനപക്ഷ വിഭാഗങ്ങളുണ്ടെന്നാണ് പറയുന്നത്. പക്ഷെ ഒരു രാജ്യംതന്നെ സ്വന്തമായുള്ള ഏകന്യൂനപക്ഷ വിഭാഗം തിബത്തിലേതാണ്. ഇവർക്ക് മറക്കാനും പൊറുക്കാനും വയ്യാത്ത മനോവേദനയുണ്ടാക്കുന്നത് ചീനക്കൊരിക്കലും ഗുണം ചെയ്യില്ല. ജനങ്ങളെ അടിച്ചൊതുക്കി വാഴ്ച നടത്തിയാൽ പൊട്ടിത്തെറിക്കുമെന്ന് ടിയാനൻമെൻ സ്ക്വയർ പഠിപ്പിച്ചതല്ലേ?

❑

# ഗുൽബർഗ് സൊസൈറ്റി ഒരു പ്രതിരോധ സ്മാരകം



ഗുജറാത്തിൽ അഹമ്മദാബാദ് നഗര മധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു ഹൗസിങ് കോംപ്ലക്സാണ് ഗുൽബർഗ് സൊസൈറ്റി. 2002 ഫെബ്രുവരിയിൽ ഗുജറാത്തിലുണ്ടായ നരവേട്ടക്കിടയിൽ ഈ കെട്ടിടം തീവച്ചു നശിപ്പിക്കുകയും അവിടത്തെ താമസക്കാരിൽ എഴുപതിൽപരം പേരെ കൊല്ലുകയും ചെയ്തിരുന്നു.

ഗുജറാത്തിലെ കൂട്ടക്കൊല കഴിഞ്ഞിട്ടിപ്പോൾ കൊല്ലം ആറായി. ഹിന്ദുത്വ വർഗീയ വാദികളുടെ വേട്ടയിൽനിന്ന് ജീവനുംകൊണ്ട് രക്ഷപ്പെട്ട ഒരു ലക്ഷത്തിൽപരം പേരുടെ നീതിക്കുവേണ്ടിയുള്ള കാത്തിരിപ്പ് അറ്റമില്ലാതെ തുടരുകയാണ്. ഇവർക്ക് നഷ്ടപരിഹാരം നല്കാനെന്നല്ല, പീഡിതരോട് ഒരു ക്ഷമാപണം നടത്താൻപോലും അധികാരികൾ തയ്യാറായിട്ടില്ല. നേരെമറിച്ച്, ഈയിടെ നടന്ന തിരഞ്ഞെടുപ്പിൽ ബി.ജെ.പി. ഗംഭീര വിജയം നേടി അധികാരത്തിൽ അമർന്നിരിക്കുകയാണ്. നീതിക്കുവേണ്ടി കാത്തിരിക്കുന്നവരുടെ മനോവേദന വർധിപ്പിക്കാനാണിത് സഹായിച്ചത്. അക്രമങ്ങൾക്കും അനീതികൾക്കുമെതിരായ ചെറുത്തുനില്പിന്ന് ഒരു സ്മാരകം എന്ന ആശയം അങ്ങനെയാണ് ജന്മം കൊണ്ടത്.

അഹമ്മദാബാദ് നഗരമധ്യത്തിൽ മേഘനീനഗറിൽ സ്ഥിതി ചെയ്യുന്ന ഗുൽബർഗ് സൊസൈറ്റി അക്രമികളുടെ തേർവാഴ്ചയുടെ നിത്യ സ്മാരകമായി സ്ഥിതിചെയ്യുന്നു. ഈ സൊസൈറ്റിയുടെ മുറ്റത്താണ് എഴുപതിൽപരം പേരെ വേട്ടിനുറുക്കിയത്. മുമ്പ് 25 കുടുംബങ്ങൾ താമസിച്ചിരുന്ന ഇവിടം ഇപ്പോൾ ആൾതാമസമില്ലാതെ ഒഴിഞ്ഞുകിടക്കുകയാണ്. ഈ സ്ഥലം കൈവശപ്പെടുത്തി തട്ടിനിരത്താൻ ശ്രമം നടക്കുന്നുണ്ട്. 2002ലെ നരവേട്ടക്കാർ തന്നെയാണ് ഈ സ്ഥലം റാഞ്ചാൻ തക്കംപാർത്തിരിക്കുന്നത്.

മനുഷ്യാവകാശങ്ങൾക്കുവേണ്ടി പോരാടുന്നവർക്ക് പ്രചോദനാത്മകമായ ഒരു സ്മാരകമാക്കി ഈ സൗധത്തെ രൂപാന്തരപ്പെടുത്തണമെന്നാണ് പ്ലാൻ. പൗരന്മാർക്കും സ്ഥാപനങ്ങൾക്കും ബിസിനസ്സുകാർക്കും ഇതൊരവസരമാണ്. ഗുൽബർഗ് പ്രതിരോധ മ്യൂസിയം എന്ന ഈ സ്ഥാപനം ആരംഭിക്കാൻ മുൻകയ്യെടുക്കുന്നത് സബ്രംഗ് ട്രസ്റ്റാണ്. ഗുൽബർഗ് സൊസൈറ്റിയിൽനിന്ന് ജീവനുംകൊണ്ട് രക്ഷപ്പെടാൻ ഭാഗ്യമുണ്ടായ അല്പം ചിലർ ഇതിന്റെ ഉപദേശകബോർഡിൽ അംഗങ്ങളാണ്.

ഈ ജനകീയ പ്രതിരോധ മ്യൂസിയത്തിൽ ഗുജറാത്തിലെ നരവേട്ടയുടെ

# മാവോയിസ്റ്റ് മുദ്ര കുത്തപ്പെട്ട അഞ്ച് പത്രപ്രവർത്തകർ

- ശോഭിത നൈതാനി -

**ക**ഴിഞ്ഞ ഡിസംബർ 20ന്ന് മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ സംസാരിക്കുന്നതിന്നിടയിൽ പ്രധാനമന്ത്രി മൻമോഹൻസിങ് നാടകീയമായി ഒരു പ്രഖ്യാപനം നടത്തി: "നക്ഷലുകൾ മർമ്മപ്രധാനമായ സാമ്പത്തിക അടിത്തറകളെയാണ് ആക്രമിക്കുന്നത്. ട്രാൻസ്പോർട്ട് സൗകര്യം തകരാറിലാക്കുകയാണ് അവർ ചെയ്യുന്നത്. വികസന പ്രവർത്തനങ്ങളെ അവർ മന്ദീഭവിപ്പിക്കുന്നു. ഭൂമിക്കുവേണ്ടിയും മറ്റുമുള്ള പ്രാദേശിക സമരങ്ങളിലും അവർ പങ്കെടുക്കുന്നുണ്ട്. ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ സുരക്ഷാവെല്ലുവിളി ഇടതുപക്ഷ തീവ്രവാദമാണെന്ന് ഞാൻ മുമ്പ് പറഞ്ഞിട്ടുണ്ട്. അതിപ്പോഴും തുടരുന്നു. ഈ വിഷാണുക്കളെ നശിപ്പിക്കുന്നതുവരെ നമുക്ക് സ്വസ്ഥമായിരിക്കാനാവില്ല".

ഇടതുപക്ഷതീവ്രവാദത്തോട് അനുഭാവമുള്ളവരെന്ന് സംശയിക്കപ്പെടുന്നവർക്കെതിരെ രാജ്യവ്യാപകമായ ഒരു വേട്ട നടക്കുന്നതിന്നിടയിലായിരുന്നു പ്രധാനമന്ത്രിയുടെ ഈ പ്രഖ്യാപനം. ഈ വേട്ടക്കായി ഉപയോഗിക്കാവുന്ന നിയമങ്ങൾ ഏറെയുണ്ടുതാനും. ഗവർമ്മേണ്ടിന്നിഷ്ടമില്ലാത്ത ആരേയും പിടിച്ച് തടവിലിടാൻ അനുമതി നൽകുന്ന നിയമങ്ങളാണിവ. പൗരന്മാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളൊന്നും ഇവർക്ക് ബാധകമല്ല.

ഈയിടെ അഞ്ചു പത്രപ്രവർത്തകരെ നക്ഷൽ മുദ്രകുത്തി അറസ്റ്റ് ചെയ്യുകയുണ്ടായി. എന്തെങ്കിലും കുറ്റം ചെയ്തതായോ അക്രമം കാണിച്ചതായോ ഇവർക്കെതിരെ കേസില്ല. നക്ഷലുകളോട് അനുഭാവമുണ്ട് എന്നതാണ് ഇവർക്കെതിരെ പറയുന്ന ഒരേഒരു കുറ്റം. ഭരിക്കുന്നവർക്കെതിരെ മിണ്ടുന്ന ആരേയും പിടിച്ചു ജയിലിലടക്കുമെന്നർത്ഥം.

## പ്രശാന്ത് രാഹി

സ്റ്റേറ്റ്സ്മാൻ പത്രത്തിന്റെ ഉത്തരഖണ്ഡ് ലേഖകനായിരുന്ന പ്രശാന്ത് രാഹി (48)യെ ഡിസംബർ 22ന്ന് കാട്ടിൽനിന്ന് അറസ്റ്റ് ചെയ്തുവെ

➡

രൂപങ്ങൾ മാത്രമല്ല പ്രദർശിപ്പിക്കുക. കാശ്മീരിൽ പണ്ഡിറ്റ്മാർക്കെതിരായി നടന്ന വേട്ട, 1984ൽ നടന്ന സിക്ക് വിരുദ്ധവേട്ട മീറത്തിലും ഭഗൽപൂരിലും നടന്ന വേട്ടകൾ തുടങ്ങിയവക്കെല്ലാം ഇതിൽ സ്ഥാനമുണ്ടായിരിക്കും.

ഗുൽബർഗ് സൊസൈറ്റിയിലെ ഓരോ വീടും ഓരോ മുറിയും ഇപ്പോഴും കത്തിക്കരിഞ്ഞ നിലയിൽ വിണ്ടുകീറി നിൽപ്പാണ്; 2002ലെ ഭീകരതകൾ മുഴുവനും ഇവ വിളിച്ചോതുന്നുണ്ട് 2002ലെ നരവേട്ട സംബന്ധിച്ച് ലഭ്യമായ രേഖകൾ, ഫിലിമുകൾ, സാഹിത്യങ്ങൾ തുടങ്ങിയവ ഇവിടെ സംഭരിച്ചു സൂക്ഷിക്കാനാണ് പ്ലാൻ.

ഗുജറാത്തിലെ 25 ജില്ലകളിൽ 19 എണ്ണവും അക്രമികളുടെ തേർവാഴ്ചക്കിരയായിരുന്നു. 2500 പേർ കൊല്ലപ്പെട്ടു. നാനൂറിൽപരം സ്ത്രീകൾ ബലാൽക്കാരത്തിന്നിരയായി; 1,68,000 പേർക്ക് വീടു നഷ്ടപ്പെട്ടു. 23873 വീടുകൾ തീവച്ചു നശിപ്പിക്കപ്പെട്ടു. 14,330 ബിസിനസ്സ് സ്ഥാപനങ്ങൾക്കു പുറമെ ഹോട്ടലുകളും തകർക്കപ്പെട്ടിരുന്നു. ❑



രാഹി

ന്നാണ് പോലീസ് പറയുന്നത്. നിരോധിക്കപ്പെട്ട മാവോയിസ്റ്റ് ഗ്രൂപ്പിന്റെ മേഖലാ കമാൻഡറാണിദ്ദേഹമെന്ന് അവർ ആരോപിക്കുന്നു. ഇതിന്ന് വിശദീകരണം നൽകാൻ പോലീസ് കൂട്ടാക്കുന്നില്ല.

രാഹിയുടെ മകൾ ശിഖ ഡിസംബർ 28ന്ന് രാഹിയെ ചെന്നുകാണുകയുണ്ടായി. ശിഖക്കു പറയാനുള്ളത് മറ്റൊരു കഥയാണ്. രാഹിയെ ഡിസംബർ 17ന്ന് ദഹ്റാദൂത്തിൽവച്ചാണ് അറസ്റ്റ് ചെയ്തത്. അടുത്ത ദിവസം അദ്ദേഹത്തെ ഹരിദ്വാറിൽ കൊണ്ടുപോയി മൂന്നാംമുറക്ക് വിധേയനാക്കി. ഒടുവിൽ 22ന്ന് അറസ്റ്റ് ചെയ്തതായി രേഖയുണ്ടാക്കി. മാഫിയകളാണ് ഈ അറസ്റ്റിന്റെ പിന്നിലെന്ന് രാഹിയുടെ മുൻസഹപ്രവർത്തകനും ഗഡ്വാൾ പോസ്റ്റിന്റെ പത്രാധിപരുമായ അശോക മിശ്ര പറഞ്ഞു. തെഹ്റി അണക്കെട്ടിന്നെതിരായ ജനകീയ സമരത്തിലും മറ്റും പങ്കെടുത്ത ഒരു ഇടതുപക്ഷക്കാരനാണ് രാഹിയെന്ന് അദ്ദേഹം പറഞ്ഞു. ഒരു കൃത്രിമ സംഘട്ടനമുണ്ടാക്കി രാഹിയെ കൊന്നുകളഞ്ഞില്ലെന്നതിൽ സന്തോഷിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു.

## പ്രഫുല്ല ഝാ

ഛത്തിസ് ഗഡിലെ പ്രമുഖ നരവംശശാസ്ത്രജ്ഞനും ഒരു പത്രപ്രവർത്തകനുമായ പ്രഫുല്ല ഝാ (60) കഴിഞ്ഞ ജനുവരി 22ന്നാണ് അറസ്റ്റ് ചെയ്യപ്പെട്ടത്. "ദൈനിക് ഭാസ്കർ" എന്ന പത്രത്തിന്റെ ബ്യൂറോ ചീഫായിരുന്ന ഇദ്ദേഹത്തിന്റെ നരവംശശാസ്ത്ര വിശകലനങ്ങൾ ദേശീയ ടെലിവിഷനിൽപോലും വരാറുണ്ട്. റായിപ്പൂരിൽ പോലീസ് പിടികൂടിയ ആയുധശേഖരവുമായി ഝാക്ക് ബന്ധമുണ്ടെന്നാണ് പോലീസ് പറയുന്നത്. നക്ഷൽ സാഹിത്യം ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തു കൊടുക്കുന്നത് ഇദ്ദേഹമാണെന്നും പോലീസ് കുറ്റപ്പെടുത്തുന്നു. സർക്കാരിന്നെതിരെ മിണ്ടുന്നവരെ നിശ്ശബ്ദരാക്കാനാണ് ഡോ. വിനായക് സെൻ, ഝാ തുടങ്ങിയവരെ അറസ്റ്റ് ചെയ്തിരിക്കുന്നതെന്ന് ഛത്തിസ്ഗഡ് പി.യു.സി.എൽ. പ്രസിഡണ്ടായ രാജേന്ദ്രശൈലം പറയുന്നു.

## ഗോവിന്ദൻകുട്ടി

ഡിസംബർ 19ന്നാണ് കേരള പോലീസ് "പീപ്പിൾസ് മാർച്ചിന്റെ പത്രാ



ഗോവിന്ദൻകുട്ടി

ധിപരായ ഗോവിന്ദൻകുട്ടിയെ (68) അറസ്റ്റ് ചെയ്തത്. ഫെബ്രുവരി 24ന്ന് ഇദ്ദേഹത്തെ ജാമ്യത്തിൽ വിട്ടു. എന്നാൽ ഓഫീസിൽ തിരിച്ചെത്തിയപ്പോൾ പീപ്പിൾസ് മാർച്ചിന്റെ രജിസ്ട്രേഷൻ റദ്ദാക്കിക്കൊണ്ടുള്ള ഡിസ്ട്രിക്ട് മജിസ്ത്രേട്ടിന്റെ കല്പനയാണ് കണ്ടത്. പത്രം തുടങ്ങി ഏഴു കൊല്ലത്തിന്നുശേഷം ഇപ്പോൾ ഇതിലൊരു "അപകടം" കണ്ടെത്തിയതെങ്ങനെയെന്ന് ഗോവിന്ദൻകുട്ടി ചോദിക്കുന്നു.

താനൊരു മാവോയിസ്റ്റാണെന്ന് അദ്ദേഹം തുറന്നു പറയുന്നുണ്ട്. സർവ്വത്ര അക്രമം നടമാടുന്നു. അഴിമതി അക്രമമാണ്; വ്യഭിചാരം അക്രമമാണ്; മിനിമം വേതനം നൽകാത്തത് അക്രമമാണ്; ബാലവേല അതിക്രമമാണ്; ജാതിവിവേചനം അതിക്രമമാണ് എന്നു ചൂണ്ടിക്കാട്ടുന്ന ഗോവിന്ദൻകുട്ടി, താൻ നിയമത്തെ മാനിക്കുന്നൊരു പൗരനാണെന്ന് തുടർന്നു പറയുന്നു.

## ഹട്ടല ശ്രീശൈലം

ആന്ധ്രയിലെ മുസി എന്ന ഓൺലൈൻ ടെലിവിഷന്റെ എഡിറ്ററാണ് 35 കാരനായ ഹട്ടല ശ്രീശൈലം. തെലുങ്കാന ജർണലിസ്റ്റ് ഫോറത്തിന്റെ കോകൺവീനർ കൂടിയായ ശ്രീശൈലത്തെ ഡിസംബർ 4ന്നാണ് അറസ്റ്റ് ചെയ്തത്. മാവോയിസ്റ്റുകളുടെ സന്ദേശവാഹകനാണിദ്ദേഹമെന്ന് പോലീസ് പറയുന്നു. ഒരു മാവോയിസ്റ്റ് നേതാവുമായുള്ള അഭിമുഖസംഭാഷണത്തി



ശ്രീശൈലം

ന്നാണ് താൻ പോയതെന്നാണ് ശ്രീശൈലം പറയുന്നത്. ഡിസംബർ 13ന്ന് അദ്ദേഹത്തെ ജാമ്യത്തിൽ വിട്ടു. തെലുങ്കാന സംസ്ഥാനത്തിന്നു വേണ്ടിയുള്ള പ്രക്ഷോഭണത്തിൽ പങ്കാളിയാകുന്നതാണ് അറസ്റ്റിന്നു കാരണമെന്നു കരുതുന്നു.

## ബർദലോയ്

ആസാമിലെ മനുഷ്യാവകാശ പ്രവർത്തകനും ഫ്രീലാൻസ് ജർണലിസ്റ്റുമായ ലച്ചിത് ബർദലോയിയെ ജനുവരി 11ന്നാണ് അറസ്റ്റ് ചെയ്തത്. ഉൾഫ ഒരു വിമാനം റാഞ്ചാൻ പ്ലാനിട്ടിരുന്നുവെന്നും ബർദലോയിക്ക് അതിൽ പങ്കുണ്ടെന്നുമാണ് പോലീസ് പറയു



ബർദലോയ്

ന്നത്. ഗവർമ്മേണ്ടും ഉൾഫയും തമ്മിൽ ഒരു യോജിപ്പുണ്ടാക്കുന്നതിന്നുള്ള മധ്യസ്ഥശ്രമങ്ങളിൽ ബർദലോയ് സജീവമായി പങ്കെടുത്തുവന്നിരുന്നു. പോലീസിന്റെ ആരോപണം ശുദ്ധഅസംബന്ധമാണെന്ന് മാനവ അധികാര സംഗ്രാമ സമിതി എന്ന മനുഷ്യാവകാശ സംഘടനയുടെ പ്രസിഡണ്ടായ ഗോസ്വാമി പറയുന്നു.

ഉൾഫയുമായി ഗവർമ്മേണ്ട് ഒത്തുതീർപ്പുണ്ടാക്കുന്നതിനെ പോലീസ് എതിർക്കുന്നു. ഉൾഫാവിരുദ്ധ പ്രവർത്തനങ്ങൾക്കായി കേന്ദ്രഗവർമ്മേണ്ട് കൊല്ലംതോറും കോടിക്കണക്കിന്നു രൂപ നൽകുന്നുണ്ട്. ഉൾഫയുമായി ഒത്തുതീർപ്പുണ്ടായാൽ ആ പണപ്രവാഹം നിലക്കും. അതു പോലീസിന്ന് ക്ഷീണമാണ് എന്ന് ഗോസ്വാമി പറയുന്നു.

നക്ഷലിസം ഒരു സാമൂഹ്യ-സാമ്പത്തിക പ്രശ്നമാണ്. അതിനെ ഒരു ക്രമസമാധാന പ്രശ്നമായി നേരിടാനാവില്ല. കേന്ദ്രഗവർമ്മേണ്ട് ഇക്കാര്യം മനസ്സിലാക്കുന്നില്ല. ഇത്തരം അന്യായമായ അറസ്റ്റുകൾ നക്ഷലിസത്തെ സഹായിക്കുകയേയുള്ളൂ. ❑

# തൊഴിലവകാശ പദ്ധതി നിർമ്മാണ പരിപാടിയാണ്

**- ശൈക്കത് ദത്ത -**

തൊഴിലവകാശ പദ്ധതി വിജയിക്കണമെങ്കിൽ അതിന്ന് അടിസ്ഥാനപരമായ പിൻബലം ഉടനെ സജ്ജീകരിക്കേണ്ടതുണ്ട്. ഇതുവരെയുള്ള അനുഭവം പറഞ്ഞാൽ, അഴിമതിയല്ല, അനാസ്ഥയാണ് കെടുതികളുണ്ടാക്കുന്നത്.

പക്ഷെ പത്രങ്ങളിൽ തലക്കെട്ടുണ്ടാക്കുന്നത് അഴിമതിക്കഥകളാണ്. പദ്ധതിക്ക് അനുവദിക്കുന്ന പണം. തട്ടിത്തിന്നുന്നത് തടയുന്നതിൽ സാമൂഹ്യ ഓഡിറ്റിങ് വലിയൊരു പങ്കുവഹിക്കുന്നുണ്ട്. ഗവർമ്മേണ്ടും സന്നദ്ധ സംഘടനകളും ചേർന്നാണ് സാമൂഹ്യ ഓഡിറ്റിങ് നടത്തി വരുന്നത്.

രാജസ്ഥാനിൽ മുഖ്യമന്ത്രി വസുന്ധര രാജയുടെ നിയോജകമണ്ഡലമാണ് ഝാലവാർ. അവിടെ നടത്തിയ സാമൂഹ്യ ഓഡിറ്റിങ് ഒരു കൊച്ചു വിപ്ലവം തന്നെ സൃഷ്ടിച്ചു. നാട്ടുകാർ പണികിട്ടിയവരുടെ ലിസ്റ്റും വേതനം നൽകിയതിന്റെ കണക്കുമെല്ലാം ഒത്തുനോക്കിയപ്പോൾ കള്ളക്കണക്കുകൾ പുറത്തുവന്നു. അവസാനം പണം തട്ടിയെടുത്ത സൂപ്പർവൈസർമാർ പണം തിരിച്ചു നൽകി.

ആന്ധ്രയിൽ നിന്നുള്ള വർത്തകൾ ഇതിനേക്കാൾ ആവേശകരമാണ്. അവിടെ കഴിഞ്ഞ ആറുമാസക്കാലത്ത് നടന്ന സാമൂഹ്യ ഓഡിറ്റിങ്ങിൽ പഞ്ചായത്തുകാർ തട്ടിയെടുത്തിരുന്ന ഒരു കോടി രൂപ വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ജനുവരിയിൽ ഒരു പഞ്ചായത്തിൽ നടന്ന സാമൂഹ്യ ഓഡിറ്റിങ്ങിൽ ഉദ്യോഗസ്ഥൻമാർ ആറു ലക്ഷം രൂപ തിരിച്ചടച്ച് തടിശുദ്ധമാക്കി.

എന്നാൽ ഒറീസയിലെ സ്ഥിതി വളരെ മോശമാണ്. അവിടെ ഇനിയും സാമൂഹ്യ ഓഡിറ്റിങ്ങ് പ്രചാരത്തിൽ വന്നിട്ടില്ല. രാജസ്ഥാനിലാകട്ടെ, ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഇത് വെറുമൊരു സർക്കാർ പദ്ധതിയല്ലെന്നും, തങ്ങളുടെ അവകാശമാണെന്നും ജനങ്ങൾ മനസ്സിലാക്കിയിരിക്കുന്നുവെന്നതാണ് വലിയ കാര്യം.

രാജസ്ഥാനിൽ തൊഴിലുറപ്പു പദ്ധതി മുമ്പും ഉണ്ടായിരുന്നു. ഒരുകൊല്ലം മുപ്പതോ നാല്പതോ കോടി രൂപ മാത്രമേ ഒരു ജില്ലയിൽ ചെലവാക്കാൻ കഴിയാറുള്ളൂ. ഇപ്പോൾ 250 കോടിയാണ് അനുവദിച്ചിരിക്കുന്നത്.

തൊഴിലുറപ്പുപദ്ധതി ഭീമമായ ദുർവ്യയമാണെന്ന ആക്ഷേപത്തെ എംപ്ലോയ്മെന്റ് ഗാരണ്ടി കൗൺസിലെ അംഗമായ ജീൻഡ്രീസ് പുഛിച്ചു തള്ളുന്നു. ചെക് ഡാമുകൾ, ഗ്രാമീണ റോഡുകൾ, ജലസംഭരണികൾ, സ്കൂളുകൾ തുടങ്ങിയവ നിർമ്മിക്കുമ്പോൾ, അതെല്ലാം നാടിന്റെ ആസ്തിയായി തീരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഒരു വ്യവസായ ശാലക്കുവേണ്ടി നിക്ഷേപിച്ചാലുണ്ടാകുന്നതിലേറെ ഗുണം തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള നിക്ഷേപത്തിൽ നിന്നുണ്ടാകുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

കഴിഞ്ഞകൊല്ലം വെള്ളപ്പൊക്ക നിയന്ത്രണത്തിന്നുള്ള 29000 പദ്ധതികൾ നടപ്പാക്കി; മുന്നര ലക്ഷം ജലസംഭരണികൾ നിർമ്മിച്ചു; വരൾച്ചാനിവാരണത്തിന്നായി ഒരു ലക്ഷത്തിലേറെ പദ്ധതികൾ നടപ്പാക്കി; 20 ലക്ഷത്തിലേറെ ഗ്രാമീണ റോഡുകളുണ്ടാക്കി. ഇവയ്ക്കു പുറമെ ഒട്ടേറെ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കുകയും വനവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന്

# പാവങ്ങളെ ശത്രുക്കളായി കാണുന്ന ഒരു പ്രധാനമന്ത്രി

**- ആനന്ദ് കെ. സഹായ് -**

**അ**റുപതുകളുടെ മധ്യത്തിലാണ് നക്ഷലുകളെപ്പറ്റി കേൾക്കാൻ തുടങ്ങിയത്. അന്നോ അതിന്നുശേഷം അവർ ശക്തിയാർജിച്ചപ്പോഴോ അവരുടെ നിലപാടിൽ സംശയമുണ്ടായിരുന്നില്ല. സായുധസമരത്തിലൂടെ ഭരണകൂടത്തെ മറിച്ചിടലാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ തുറന്നു പറഞ്ഞിരുന്നു. അതിന്നായി അവർ അക്രമങ്ങൾ കാണിക്കുകയും അക്രമം പ്രചരിപ്പിക്കുകയും ചെയ്തുവന്നു. ഭരണകൂടത്തെ ആയുധമേന്തി വെല്ലുവിളിക്കുന്ന ഒരേഒരു വിമത ഗ്രൂപ്പ് ഇവർ മാത്രമായിരുന്നു. നാമിന്ന് അറിയുന്നതുപോലുള്ള ഭീകരയുഗം അന്നാരംഭിച്ചിരുന്നില്ല.

ഇന്ത്യാഗവർമ്മേണ്ടാകട്ടെ, ക്രൂരമായിത്തന്നെ മാവോയിസ്റ്റുകളെ അടിച്ചമർത്തി. ഇരുഭാഗത്തും പെരുമാറ്റം മൃഗീയമായിരുന്നു. നക്ഷലിസം ജന്മംകൊണ്ട ബംഗാളിൽ പ്രത്യേകിച്ചും.

ഇങ്ങനെയെല്ലാമാണെങ്കിലും ഇന്ത്യയുടെ ആഭ്യന്തര സുരക്ഷിതത്വത്തിനുള്ള ഒന്നാം നമ്പർ ഭീഷണി നക്ഷലുകളാണെന്നു പറയാൻ അന്നൊരു മന്ത്രിയും ഉദ്യുക്തനായില്ല. എന്നാൽ ഇന്ന് അതൊക്കെ സാധാരണയായിത്തീർന്നിരിക്കുന്നു. നക്ഷലുകളേക്കാൾ വലിയൊരു ആഭ്യന്തര സുരക്ഷിതത്വ ഭീഷണിയും ഇന്ത്യക്കില്ലെന്ന് പ്രധാനമന്ത്രി മൻമോഹൻ സിങ് തന്നെ ഈയിടെ പറയുകയുണ്ടായി. പക്ഷെ ഇവരെങ്ങനെയാണ് ഇന്ത്യയുടെ സുരക്ഷിതത്വത്തിന്ന് ഭീഷണിയാകുന്നതെന്ന് പ്രധാനമന്ത്രി ഇനിയും വിശദമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ നക്ഷൽ പ്രസ്ഥാനത്തിന്റെ മാറിയ മുഖമൊന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ആദ്യഘട്ടത്തിൽ നക്ഷൽ പ്രസ്ഥാനത്തിന്റെ സമുന്നത നേതാക്കളും പ്രാദേശിക നേതാക്കളുമെന്നല്ല, അണികൾപോലും ഇടത്തരക്കാരായ വിപ്ലവകാരികളായിരുന്നു. മിക്കവരും നഗരജീവിത പശ്ചാത്തലമുള്ളവരായിരുന്നു. കറതീർന്ന വർഗ്ഗസമരത്തിലാണ് തങ്ങൾ ഏർപ്പെട്ടിരിക്കുന്നതെന്നാണ് അവർ വിശ്വസിച്ചിരുന്നത്. ഗവർമ്മേണ്ടിന്റെ പ്രതീകങ്ങളായ ബസ്സുകൾ, പോലീസ് സ്റ്റേഷനുകൾ, തപാലാപ്പീസുകൾ തുടങ്ങിയവയുടെ നേരെയുള്ള ആക്രമണങ്ങൾ കുറവായിരുന്നു; എന്നാൽ നാട്ടിൻപുറങ്ങളിലെ വർഗ്ഗശത്രു ക്കളെ ➡

---

അദ്ദേഹം പറഞ്ഞു. തൊഴിലുറപ്പു പദ്ധതി എന്നത് യഥാർത്ഥത്തിൽ സമൂഹത്തിന്ന് ആസ്തികൾ ഉണ്ടാക്കുന്ന നിർമ്മാണ പരിപാടികളാണ്.

തൊഴിലുറപ്പു പദ്ധതിയോടനുബന്ധിച്ചുള്ള സാമൂഹ്യ ഓഡിറ്റിങ് അഴിമതി തടയാൻ മാത്രമുള്ളതല്ല. നാട്ടിൽ നടപ്പാക്കുന്ന പദ്ധതികൾ തങ്ങളുടേതാണെന്ന ഒരവകാശബോധം അത് ജനങ്ങളിൽ ഉളവാക്കുന്നു; ജനങ്ങളെ അധികാരികളാക്കി മാറ്റുന്നു.

ആന്ധ്രയിൽ ലോകബാങ്ക് ഒരു പഠനം നടത്തുകയുണ്ടായി. സാമൂഹ്യ ഓഡിറ്റിങ് ആരംഭിക്കുന്നതിന്നുമുമ്പ് ജനങ്ങളിൽ 39 ശതമാനത്തിന്നേ തൊഴിലവകാശ പദ്ധതിയെപ്പറ്റി അറിവുണ്ടായിരുന്നുള്ളൂ. എന്നാൽ ഒന്നാം റൗണ്ട് സാമൂഹ്യ ഓഡിറ്റിങ് കഴിഞ്ഞതോടെ ജനങ്ങളിൽ 98 ശതമാനത്തിന്നും തൊഴിലുറപ്പു പദ്ധതിയെപ്പറ്റി വിവരമുണ്ടായി. ❑

കൊന്നുകളയുന്നത് സാധാരണയായിരുന്നു. ഇടത്തരക്കാരായ കൃഷിക്കാരെപ്പോലും ജന്മി മാരെന്ന് മുദ്രകുത്തി കൊന്നുകളയാറുണ്ട്.

എന്നാൽ ഇന്നത്തെ കഥ അതല്ല. ഇന്ന് അണികളെന്നല്ല, പ്രാദേശിക നേതാക്കൾപോലും ഗ്രാമീണരായ ദരിദ്രരാണ്. ഇത് വലിയൊരു വ്യത്യാസമാണ് പണ്ടത്തെ നഗരവാസികളിൽനിന്ന് വ്യത്യസ്തരാണിവർ. ബീഹാറിലേയും ഝാർഖണ്ഡിലേയും പല ഭാഗങ്ങളിലും ഇടത്തരക്കാരായ കർഷകരുടെ മക്കൾ നക്ഷൽ പ്രസ്ഥാനത്തിൽ ചേർന്നിട്ടുണ്ട്. കാരണം, കൃഷിയെ ഇനി ആശ്രയിക്കാനാവില്ലെന്ന് അവർ അറിയുന്നു.

ചുരുക്കിപറഞ്ഞാൽ, ഇന്ത്യയിലെ ഗ്രാമങ്ങളിലേയും ആദിവാസിമേഖലകളിലേയും ഏറ്റവും ദരിദ്രരായവർ ചേർന്നതാണ് ഇന്നത്തെ നക്ഷൽ പ്രസ്ഥാനം. ഇന്ത്യയിൽ കാർഷികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നുള്ളവരാണിവർ നക്ഷലുകൾക്ക് ഏറ്റവുമധികം നേട്ടം കൈവന്ന പ്രദേശങ്ങളാകട്ടെ ഝാർഖണ്ഡ്, ഒറീസ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലെ ഖനനമേഖലകളിലുമാണ്. ഈ ഖനന മേഖലകൾ കയ്യിലെടുക്കാനായി ബഹുരാഷ്ട്ര കുത്തകകളും ഇന്ത്യൻ മുതലാളിമാരും തമ്മിൽ കിടമത്സരം നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ ഒരു ഭാഗത്ത് ദാരിദ്ര്യത്തിന്റെ പേക്കൂത്ത്; മറുഭാഗത്ത് മുതലാളിമാരുടെ കൊള്ള ഇതിലെ വൈരുധ്യം ശ്രദ്ധിക്കാതിരിക്കാനാകുമോ?

പ്രായോഗികമായി പറഞ്ഞാൽ ഇന്ത്യൻ പ്രധാനമന്ത്രി ഇന്ത്യയിലെ ഏറ്റവും ദരിദ്രമായ ജനവിഭാഗത്തെ ഇന്ത്യയുടെ ആഭ്യന്തര സുരക്ഷിതത്വത്തിനുള്ള മുഖ്യ ഭീഷണിയായി പ്രഖ്യാപിച്ചിരിക്കുകയാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യ പിൻതുടർന്നു പോന്നിട്ടുള്ള വികസന മാതൃകയുടെ കാതൽ തീർച്ചയായും ഇതല്ല; കൊളോണിയൽ ഭരണത്തിന്റെ അന്ത്യത്തിൽ ഇന്ത്യ സ്വീകരിച്ചിട്ടുള്ള ഭരണഘടനയുടെ സാരാംശവും ഇതല്ല. അതിദരിദ്ര ജനവിഭാഗത്തെ ഇന്ത്യയുടെ സുരക്ഷിതത്വത്തിന്നുള്ള ഭീഷണിയായി മുദ്രകുത്തുന്ന ഈ ഏർപ്പാടിനെപ്പറ്റി നെഹിറുവിനെപ്പോലെയുള്ളവർക്ക് എന്താണ് പറയാനുണ്ടാകുക എന്നു ചിന്തിക്കുന്നത് ഉദ്വേഗജനകമാകും. തങ്ങളുടെ പ്രവൃത്തി ശരിയോ തെറ്റോ എന്നറിയാൻ അത് പാവങ്ങളിൽവച്ച് പാവങ്ങളായവരെ എങ്ങനെ ബാധിക്കുമെന്ന അളവുകോൽ വച്ചുനോക്കണമെന്ന് അനുശാസിച്ച ഗാന്ധിജിക്ക് പ്രധാനമന്ത്രിയുടെ ഈ പ്രസ്താവനയെപ്പറ്റി എന്തു പറയാനുണ്ടാകും!

നക്ഷൽ അക്രമങ്ങൾ വർധിച്ചു തുടങ്ങിയത് കഴിഞ്ഞ ഒരു ദശകക്കാലത്താണ്; കഴിഞ്ഞ രണ്ടുകൊല്ലക്കാലത്ത് അതിന്ന് രൂക്ഷതകൂടിയിട്ടുമുണ്ട്. അത്ഭുതമെന്നു പറയട്ടെ, ഇന്ത്യയുടെ സാമ്പത്തിക വളർച്ച ചീറിക്കയറാൻ തുടങ്ങിയ ദശകവും ഇതാണ്. ദരിദ്രരിൽ ദരിദ്രരായവരിലേക്കും ദരിദ്രമേഖലകളിലേക്കും സാമ്പത്തികവികസനം കിനിഞ്ഞിറങ്ങിയിട്ടില്ലെന്നുവേണം ഇതിൽനിന്നനുമാനിക്കാൻ. ദരിദ്രമേഖലകളിലെ ദരിദ്രരിൽ നല്ലൊരുഭാഗം നഗരങ്ങളിൽ ചേക്കേറിയിട്ടുണ്ട്. അവരവിടെ വഴിവാണിഭക്കാരോ പിച്ചക്കാരോ തൊഴിൽരഹിതരോ ആയികഴിയുന്നു. ഇത്തരത്തിൽ നഗരങ്ങളിലേക്ക് ഓടിപ്പോകാത്തവർ യാദൃഛികമായോ മന:പൂർവ്വമായോ ചെന്നുപറ്റിയിരിക്കുന്നത് നക്ഷൽ താവളങ്ങളിലാണ്.

ചില നക്ഷൽ ഗ്രൂപ്പുകളും അവയുടെ നേതാക്കന്മാരും വിദേശഭീകരസംഘങ്ങളുമായോ ആയുധകടത്തുകാരുമായോ ഇടപെട്ടിട്ടുണ്ടാകാം. ഇവരെ ഒറ്റപ്പെടുത്തി ചെറുത്തു തോൽപ്പിക്കുകയാണ് ഗവർമ്മേണ്ട് ചെയ്യേണ്ടത്. ബോംബെ

# ഒരു മോഷണത്തിന്റെ കഥ

**- ഗോവിന്ദസ്വാമി അഘോരമൂർത്തി -**

**ക**ഴിഞ്ഞ ജനുവരിയിൽ ഞാൻ ചംബാൽ താഴ്‌വരയുടെ രാജസ്ഥാൻ മേഖലയിൽ പോയിരുന്നു. സദ്ഗുരു ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടന നടത്തിവരുന്ന ജലവിഭവ മാനേജ്മെന്റ് പദ്ധതി പഠിക്കുകയായിരുന്നു ലക്ഷ്യം. സതീശമിത്ര എന്ന തദ്ദേശീയ പ്രവർത്തകനോടൊപ്പം ചംബാൽനദിയുടെ പോഷകനദിയായ കാളീസിന്ധുവിന്റെ തീരത്തുകൂടി ഞാൻ നടന്നു. രാജസ്ഥാനിലെ ഝലവാർ ജില്ലയിലെ ബോർഖേദി എന്ന ഗ്രാമത്തിൽ കുനുകുനെ പുക ഉയരുന്നതുകണ്ടപ്പോൾ ഞാൻ കാര്യം ആരാഞ്ഞു. കാഞ്ഞാർ വർഗ്ഗക്കാർ ചാരായം വാറ്റുന്നതാണെന്ന് പറഞ്ഞ് മിശ്ര എന്നെ സമാധാനിപ്പിച്ചു.

പിന്നെ മിശ്ര തനിച്ച് ഗ്രാമത്തിൽ ചെന്ന് നാട്ടുകാരുടെ അനുമതി വാങ്ങി വന്നു. പുഴയുടെ തീരത്തും കാടിന്നുള്ളിലും ഇവർ ചാരായം വാറ്റുന്നത് പതിവാണെന്ന് ഞാൻ പിന്നീടറിഞ്ഞു. ഇതിന്ന് തീ കത്തിക്കുന്നത് ഒരു ഡസൻ കുട്ടികളാണെന്നത് എന്നെ അമ്പരപ്പിച്ചു.

അവിടെ ഒരിടത്ത് കേബിൾ കണ്ട് ഞാൻ നടുങ്ങിപോയി. അതിന്റെ അടുത്ത് ചെല്ലരുതെന്ന് മിശ്ര താക്കീത് തന്നു. വൈദ്യുതി മോഷ്ടിക്കുന്നതിനുള്ള കമ്പിയാണത്. അപ്പുറത്ത് ജലസേചനത്തിന്ന് മോട്ടോർ വച്ചിട്ടുണ്ട്. അതിനുള്ള എലക്ട്രിക്ക് ലൈനാണിത്. കാര്യം വളരെ അപകടകരമാണെങ്കിലും ലളിതമാണ്. അപ്പുറത്തുള്ള എലക്ട്രിക് ലൈനിൽനിന്ന് ഒരു കൊളുത്തിന്റ സഹായത്തോടെയാണ് വൈദ്യുതി മോഷ്ടിക്കുന്നത്.

ബ്രിട്ടീഷ് ഭരണകാലത്ത് ക്രിമിനൽവർഗ്ഗ ക്കാരായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളവരാണ് കാഞ്ഞാർ വർഗ്ഗക്കാർ. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ക്രിമിനൽ വർഗ്ഗമെന്ന ഏർപ്പാടില്ലാതായെങ്കിലും സാമൂഹ്യമായ ഭ്രഷ്ട് നിലനിൽക്കുന്നു. പോലീസും ഇവരെ ക്രിമിനലുകളായിട്ടാണ് കരുതുന്നത്. തങ്ങളിപ്പോൾ കൊള്ളയൊന്നും നടത്താറില്ലെന്ന് മുന്നിബായ് എന്നൊരു സ്ത്രീ പറഞ്ഞു. എന്നാൽ ഗവർമ്മേണ്ടിൽനിന്ന് ഒരു സഹായവും ലഭിക്കുന്നില്ല. കാട്ടിലെ ജീവിതം ദു:സഹമാണ്. കൃഷി ചെയ്യാവുന്ന ഭൂമി പരിമിതമാണ്. കൃഷിയിൽനിന്നുള്ള സമ്പാദ്യം ജീവിക്കാൻ മതിയാവില്ല. തന്മൂലം വാറ്റുചാരായം വിൽക്കേണ്ടിവരുന്നു.

അടുത്തൊരു കുളം കണ്ടു. മോഷ്ടിച്ച വൈദ്യുതി ഉപയോഗിച്ച് പുഴയിൽനിന്ന് അടിച്ചുകയറ്റിയ വെള്ളമാണ് അതിലുള്ളത്. ലിഫ്റ്റ് ഇറിഗേഷൻ ഗവർമ്മേണ്ട് ഏർപ്പാട് ചെയ്തിരുന്നുവെങ്കിൽ, വൈദ്യുതി മോഷണം ഒഴിവാക്കാമായിരുന്നുവെന്നുമാത്രമല്ല, കൂടുതൽ സ്ഥലത്ത് കൃഷിയിറക്കുകയും ചെയ്യാമായിരുന്നുവെന്ന് മുന്നിബായ് പറഞ്ഞു. ➡

---

റിയുന്നവർക്കും വെടിവെക്കുന്നവർക്കുമെതിരെ നടപടിയെടുക്കുകതന്നെ വേണം. എന്നാൽ പാവങ്ങൾ ഹിംസാമാർഗ്ഗങ്ങളിൽ ചെന്നടിയുന്നത് തടയാൻ ഉപയോഗിക്കേണ്ട പ്രധാനപ്പെട്ട ആയുധം കൃഷിയും ജലസേചനവുമാണ്; ഈ രണ്ടു രംഗത്തും കൂടുതൽ മൂലധനം നിക്ഷേപിക്കലാണ്. പകൽവെളിച്ചംപോലെ വ്യക്തമായ കാര്യമാണിത്. അതു കാണാൻ ഗവർമ്മേണ്ടിന്നു കണ്ണില്ലാതാകുമ്പോഴാണ് ഡോ. വിനായക് സെന്നിനെപ്പോലുള്ളവരെ പിടിച്ച് ജയിലിലടക്കുന്നത്; നക്ഷലുകളോട് അനുഭാവം പ്രകടിപ്പിക്കുന്നവരെയെല്ലാം രാജ്യദ്രോഹികളായി മുദ്രയടിക്കുന്നതപ്പോഴാണ്. ❑

# ജനിതക വിളക്കെതിരെ വിവരാവകാശനിയമം

സർക്കാരും മുതലാളിമാരും ചേർന്ന് നടത്തുന്ന ജനദ്രോഹകരമായ കള്ളക്കളികൾക്ക് തടയിടാൻ 2005 ലെ വിവരാവകാശനിയമം ഫലപ്രദമായ ഒരു കരുവാണ്. ഇന്ത്യയിൽ മുതലാളിമാർ നടത്തുന്ന കൊള്ളകളിൽ പലതും സർക്കാരിന്റെ ഒത്താശയോടെയാണ്. നല്ലൊരു തുക കൈക്കോഴ കൊടുത്താൽ വഴങ്ങാത്ത ഉദ്യോഗസ്ഥൻമാരോ മന്ത്രിമാരോ അധികമൊന്നുമില്ല. കടുത്ത വിഷങ്ങൾപോലും ഉപകാരപ്രദമായ ഔഷധങ്ങളായി അവതരിപ്പിക്കാൻ സാധിക്കുന്നത് അങ്ങനെയാണ്.

എന്നാൽ ജനങ്ങൾ ജാഗ്രത പാലിക്കുന്നപക്ഷം ഇത്തരം തട്ടിപ്പുകൾക്ക് അറുതിവരുത്താൻ വിവരാവകാശനിയമത്തെ ഉപയോഗിക്കാവുന്നതേയുള്ളൂ. മോൺസാൻടോ കമ്പനിയുടെ ജനിതകമാറ്റം വരുത്തിയ വിളകൾക്കെതിരെ ഇന്ത്യയിൽ നടന്നുവരുന്ന പോരാട്ടം ഇതിന്നൊരു ഉദാഹരണമാണ്.

മഹാരാഷ്ട്രത്തിലെ മാഹികോ എന്ന കമ്പനിയാണ് മോൺസാൻടോവിന്റെ ഇന്ത്യയിലെ ഏജന്റ്. ഇവർ ജനിതകമാറ്റം വരുത്തിയ പല വിളകളും ഇന്ത്യയിൽ പരീക്ഷണാർത്ഥം അവതരിപ്പിച്ചിരുന്നു. ഇത്തരം വിളകൾ അവതരിപ്പിക്കണമെങ്കിൽ, ഗവർമ്മേണ്ടിന്റെ ജനിതക റവ്യൂ കമ്മിറ്റിയുടെ അനുമതിവാങ്ങേണ്ടതുണ്ട്. പരീക്ഷണങ്ങൾ രണ്ടു ഘട്ടമായാണ് നടത്തുക. ആദ്യത്തേത് വളരെ പരിമിതമായ തോതിലാണ്; പരിമിതമായ തോതിലുള്ള പരീക്ഷണത്തിന്റെ ഫലം നന്നെങ്കിൽ വിപുലമായ തോതിൽ പാടത്ത് പരീക്ഷണം നടത്താൻ സർക്കാർ അനുമതി നൽകും. പരിമിതമായ തോതിലുള്ള പരീക്ഷണം കഴിഞ്ഞ്, വിപുലമായ തോതിലുള്ള പരീക്ഷണത്തിലേക്ക് കടന്നിരിക്കുന്ന കാലമാണിത്.

---

ലൈനിൽ അഞ്ചുമണിക്കുറേ വൈദ്യുതിയുണ്ടാകൂ. അതുകൊണ്ട് അഞ്ച് ഹെക്റ്ററിലേ കൃഷി നടത്താൻ പറ്റുന്നുള്ളൂ.

ഈ ഗ്രാമീണരുടെ കഷ്ടപ്പാടിന്ന് ഒരു ഉപശാന്തിയുണ്ടാക്കാനാവില്ലേ? ഒരു ഇറിഗേഷൻ എഞ്ചിനീയറായ മനോജ് ഗുപ്തയോട് ഞാനിതിനെപ്പറ്റി പിന്നീട് സംസാരിച്ചു. വേണമെന്നുണ്ടെങ്കിൽ കാര്യം നിസ്സാരമാണെന്നാണ് അദ്ദേഹം പറഞ്ഞത്. വെറും പതിനഞ്ചു ലക്ഷം രൂപയുണ്ടെങ്കിൽ ഇരുപത് ഹെക്ടറിൽ ജലസേചന സൗകര്യമുണ്ടാക്കാൻ കഴിയും. ആ ഗ്രാമത്തിലെ പതിനഞ്ചു കുടുംബങ്ങൾക്ക് അതു ധാരാളമാണ്.

കഴിഞ്ഞ സ്വാതന്ത്ര്യ ദിനത്തിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗത്തിൽ ഗ്രാമങ്ങളിലെ കൃഷി പരിപാടികൾക്കായി 25,000 കോടി രൂപയുടെ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും, പ്രത്യേകിച്ചും ഒന്നാം ഹരിതവിപ്ലവത്തിന്റെ സ്പർശനമേൽക്കാത്ത ഭാഗങ്ങളിൽ, ധാന്യോല്പാദനം കുതിച്ചുയരുമെന്ന് നമുക്ക് ഉറപ്പുവരുത്താൻ കഴിയും എന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്.

പ്രധാനമന്ത്രിയുടെ ഈ പ്രഖ്യാപനത്തെപ്പറ്റി ബോർഖേതിയിലെ ജനങ്ങൾക്കറിയുമോ? ഏതായാലും പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന വാഗ്ദത്തത്തിന്റെ ഫലമനുഭവിക്കാൻ അവർ കാത്തിരിക്കുകയാണ്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ ചിതറികിടക്കുന്ന നൂറുകണക്കിന്ന് ബോർഖേദികളുണ്ടെന്ന് ഓർക്കുക. ❑

കഴിഞ്ഞകൊല്ലം ദിവ്യ രഘുനന്ദൻ എന്ന ശാസ്ത്രജ്ഞ കേന്ദ്ര ഗവർമ്മേണ്ടിന്റെ ബയോടെക്നോളജി വകുപ്പിന്ന് വിവരാവകാശ നിയമപ്രകാരം ഒരപേക്ഷ സമർപ്പിച്ചിരുന്നു. മാഹികോ കമ്പനിയുടെ ജനിതക വിളകളുടെ പരിമിത പരീക്ഷണങ്ങളുടെ ഫലവും ഇതുസംബന്ധിച്ച് ജനിതക റവ്യൂ കമ്മിറ്റിയെടുത്ത തീരമാനത്തിന്റെ മിനിട്സുമാണ് ദിവ്യ ആവശ്യപ്പെട്ടിരുന്നത്. സർക്കാർ എപ്പോഴും മുതലാളിമാരുടെ ഭാഗത്തായിരിക്കുമല്ലോ. ദിവ്യ ആവശ്യപ്പെട്ട വിവരങ്ങൽ നൽകാൻ ബയോടെക്നോളജി വകുപ്പ് വിസമ്മതിച്ചു. മറ്റുള്ളവരുടെ താല്പര്യങ്ങൾക്ക് ഹാനികരമാകുമെങ്കിൽ, അത്തരം വിവരം നൽകേണ്ടതില്ല എന്ന് വിവരാവകാശനിയമത്തിലെ 8(1) (ഡി) വകുപ്പിൽ പറയുന്നുണ്ടെന്നും, ദിവ്യ ആവശ്യപ്പെട്ട വിവരങ്ങൾ മാഹികോ കമ്പനിയുടെ താൽപര്യങ്ങൾക്ക് ഹാനികരമാകുമെന്നുമാണ് സർക്കാർ വാദിച്ചത്. ജനങ്ങളുടെ താൽപര്യമല്ല കമ്പനിയുടെ താൽപര്യമാണ് സർക്കാരിന്നു പ്രധാനമെന്നർത്ഥം.

ദിവ്യ ഇതിന്നെതിരെ വിവരാവകാശ കമ്മീഷനെ സമീപിച്ചു. ജനിതകമാറ്റം വരുത്തിയ വിളകൾ പരിസ്ഥിതിക്കും ജനങ്ങളുടെ ആരോഗ്യത്തിന്നും ഹാനികരമാണോ എന്നറിയാൻ ജനങ്ങൾക്കവകാശമുണ്ടെന്ന് അവർ വാദിച്ചു. 2007 ഏപ്രിൽ 13ന്ന് കേന്ദ്ര വിവരാവകാശ കമ്മീഷൻ ദിവ്യയുടെ വാദം അംഗീകരിക്കുകയും കമ്പനിയുടെ താൽപര്യത്തേക്കാൾ പ്രധാനം പൊതു താൽപര്യമാണെന്ന് വിധിക്കുകയും ചെയ്തു.

പ്രതാപികളായ നമ്മുടെ ഉദ്യോഗസ്ഥൻമാർക്ക് കോടതിയും കമ്മീഷനുമെല്ലാം പുല്ലാണല്ലൊ. വിവരാവകാശ കമ്മീഷന്റെ കല്പനയനുസരിക്കാൻ ബയോടെക്നോളജി വകുപ്പ് വിസമ്മതിച്ചതിനെത്തുടർന്ന് ദിവ്യ കഴിഞ്ഞ നവംമ്പർ 22 ന്ന് വിവരാവകാശ കമ്മീഷൻ മുമ്പാകെ രണ്ടാമത്തെ അപ്പീൽ സമർപ്പിച്ചു. ജനിതകമാറ്റം വരുത്തിയ വസ്തുക്കൾ പൊതുജനാരോഗ്യത്തിന്ന് ഹാനികരമായേക്കുമെന്ന് 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൽ പറയുന്നുണ്ടെന്നും അതിനാൽ പൊതുതാൽപര്യത്തെ മുൻനിർത്തി അപേക്ഷകർക്ക് വിവരങ്ങൾ നൽകണമെന്നും കമ്മീഷൻ ആവർത്തിച്ചു.

വിവരാവകാശ കമ്മീഷൻ അതിന്റെ കൽപ്പന ആവർത്തിച്ചതിനാൽ ഉദ്യോഗസ്ഥന്മാർ കുടുങ്ങി. എന്നാൽ കമ്മീഷന്റെ ഈ കൽപ്പനക്കെതിരെ മാഹികൊ ഡിസംബർ 14ന്ന് ദൽഹി ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്.

ജനിതകമാറ്റം വരുത്തിയ വിളകൾ ഔഷധംപോലെത്തന്നെയാണ്. ശരീരത്തിന്ന് അത് ഗുണം ചെയ്യാം; ദോഷവും ചെയ്യാം. ഒരു ഔഷധം ഉണ്ടാക്കിയാൽ അതിന്റെ ഗുണദോഷങ്ങൾ പരീക്ഷിച്ചറിഞ്ഞേ അത് വിൽപ്പനക്കിറക്കാവൂ. അതുപോലെ ജനിതകമാറ്റം വരുത്തിയ വിളകൾ ലാബറട്ടറിയിൽ പരീക്ഷിച്ചപ്പോൾ ഫലം എന്തായിരുന്നു എന്നറിയണം; ഗ്രീൻ ഹൗസിൽ പരീക്ഷിച്ചപ്പോൾ എന്തായിരുന്നു ഫലം? പരിമിത തോതിൽ പരീക്ഷിച്ചപ്പോൾ ഫലം എന്തായിരുന്നു? തീർത്തും സുരക്ഷിതമാണെന്ന് ബോധ്യം വരുന്നതിന്നുമുമ്പ് പാടത്ത് പരീക്ഷിച്ചാൽ ചിലപ്പോൾ വിനാശകരമായ ഫലം ഉളവാക്കിയെന്നുവരും. പിന്നീടത് പിടിച്ചാൽ കിട്ടില്ല; നിയന്ത്രണാതീതമായി അത് മറ്റുവിളകളെ നശിപ്പിച്ചുവെന്നുവരും. അതിനാൽ പരീക്ഷണങ്ങളുടെ വിവരം രഹസ്യമാക്കി വച്ചുകൂടാ.

പാശ്ചാത്യ ലോകത്തിലെ ശാസ്ത്രജ്ഞൻമാർ ഈയിടെ ബിസിനസ്സുകാരുടെ ഒരു തട്ടിപ്പ് പുറത്തുകൊണ്ടുവന്നത് ഇതിന്ന് ഉദാഹരണമാണ്. മനോമാന്ദ്യം എന്നത് ലോകവ്യാപകമായൊരു

പ്രതിഭാസമാണ്. ഇതിനുള്ള ഔഷധങ്ങളാകട്ടെ വിലയേറിയതുമാണ്. ലോകത്തിന്റെ നാനാ ഭാഗങ്ങളിലായി നാലുകോടി മനുഷ്യരെങ്കിലും മനോമാന്ദ്യത്തിന്നുള്ള മരുന്ന് ഉപയോഗിക്കുന്നുണ്ട്.

ഇംഗ്ലണ്ടിലെ ഹൾ സർവ്വകലാശാലയിലെ ഡോ. ഇർവ്വിങ് കിർഷും അമേരിക്കയിലും കനഡയിലുമുള്ള അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ചേർന്ന് നടത്തിയ പഠനത്തിൽ മനോമാന്ദ്യത്തിന്നെതിരായി ഉപയോഗിച്ചു വരുന്ന മരുന്നുകൾ കുട്ടികൾക്ക് കൊടുക്കുന്ന മിഠായിയേക്കാൾ മെച്ചപ്പെട്ട ഒന്നുമല്ലെന്നു കണ്ടെത്തി. ഈ ഔഷധങ്ങൾക്ക് രൂപം നൽകുന്ന അവസരത്തിൽ നടത്തിയ പരീക്ഷണങ്ങളുടെ മുഴുവൻ വിവരവും ശേഖരിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഇവർക്ക് ഈ തട്ടിപ്പ് വെളിച്ചത്ത് കൊണ്ടുവരാൻ കഴിഞ്ഞത്.

ഇന്ത്യയിലെ വിവരാവകാശനിയമത്തേക്കാൾ ഫലപ്രദമാണ് അമേരിക്കയിലെ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട്. ശാസ്ത്രജ്ഞൻമാർ ഈ നിയമത്തിന്റെ പിൻബലത്തോടെ, അമേരിക്കൻ ഭക്ഷ്യ - ഔഷധ വകുപ്പിൽനിന്ന് ഈ ഔഷധത്തിന്റെ പരീക്ഷണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. അപ്പോഴാണ് ഔഷധം സംബന്ധിച്ച് കമ്പനിക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരങ്ങൾ അപൂർണ്ണവും തെറ്റിധരിപ്പിക്കുന്നതുമാണെന്ന് മനസ്സിലായത്. പരീക്ഷണാവസരത്തിൽ അറിഞ്ഞ, പ്രതികൂലമായ പല വിവരങ്ങളും കമ്പനി പ്രസിദ്ധീകരിച്ച വിവരങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തി. അതുമാത്രമല്ല പരീക്ഷണവേളയിൽ കമ്പനി നടത്തിയ പല വികൃതികളും അമേരിക്കൻ ഭക്ഷ്യ ഔഷധ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും അവർ കണ്ടുപിടിച്ചു. ഇതൊന്നും അറിയാതെയാണ് അവർ ഔഷധത്തിന്ന് അംഗീകാരം നൽകിയിട്ടുള്ളത്. അതിന്നും പുറമെ ഈ ഔഷധം സ്വന്തം ശരീരത്തിൽ പരീക്ഷിക്കാൻ നിന്നുകൊടുത്ത രോഗികളേയും, ഈ രോഗികൾക്ക് മരുന്നു കുറിച്ചുകൊടുത്ത ഡോക്ടർമാരെയും കമ്പനി കബളിപ്പിക്കുകയായിരുന്നുവെന്നു മനസ്സിലായതും അപ്പോഴാണ്. സർവ്വോപരി നിർഗുണമായൊരു ഔഷധം വിറ്റ് കമ്പനി കോടിക്കണക്കിന്ന് ഡോളറിന്റെ ലാഭമുണ്ടാക്കിയതായും തെളിഞ്ഞു.

അമേരിക്കയിൽ ഫ്രീഡം ഓഫ് ഇൻഫർമേഷൻ ആക്ട് എന്ന ഒന്നില്ലായിരുന്നുവെങ്കിൽ, ശാസ്ത്രജ്ഞന്മാർ ഈ നിയമത്തിന്റെ പിൻബലത്തോടെ പരീക്ഷണ വിവരങ്ങൾ അന്വേഷിച്ചു മനസ്സിലാക്കിയില്ലായിരുന്നുവെങ്കിൽ, ഈ ഔഷധ തട്ടിപ്പ് ഇന്നും തുടരുമായിരുന്നു. രോഗികളുടെ പോക്കറ്റിൽനിന്ന് ആയിരക്കണക്കിന്നു ഡോളർ ഇവർ തട്ടിപ്പറിച്ചുകൊണ്ടിരിക്കുമായിരുന്നു.

ഇന്ത്യയിലെ ഇപ്പോഴത്തെ സാഹചര്യവും ഇതുതന്നെയാണ്. മാഹികോവിന്റെ പരീക്ഷണവിവരങ്ങൾ രഹസ്യമാക്കി വയ്ക്കാൻ അവരെന്തിന്നു വെമ്പുന്നു? ഗവർമ്മേണ്ട് എന്തിന്നു അവർക്ക് കൂട്ടുനിൽക്കുന്നു? ഇന്ത്യയുടെ പൊതു താൽപര്യത്തേക്കാൾ വലുതാണോ കമ്പനിക്കാരുടെ സ്വാർത്ഥ താൽപര്യം.? പൊതു താൽപര്യത്തിന്നു ഹാനിഹരമായേക്കാവുന്ന ഒന്നിന്നും അനുമതി നൽകരുതെന്ന് 1986 ലെ പരിസ്ഥതി നിയമത്തിൽ വ്യക്തമായി അനുശാസിച്ചിട്ടും, കേന്ദ്ര വിവരാവകാശ കമ്മീഷൻതന്നെ അതു ചൂണ്ടികാണിച്ചിട്ടും ഉദ്യോഗസ്ഥന്മാർ എന്തുകൊണ്ട് ഒളിച്ചുകളിക്കുന്നു? അതോ ഈ ഒളിച്ചുകളിക്കുപിന്നിൽ മന്ത്രിമാരാണോ? ഈ ചോദ്യങ്ങൾക്ക് ആരെങ്കിലും സമാധാനം പറഞ്ഞേ തീരൂ. കൊട്ടാരസദൃശമായ കാറുകളിൽ ഊരുചുറ്റിക്കൊണ്ടിരിക്കുന്ന മന്ത്രിമാരെ പിടിച്ചുനിർത്തി സമാധാനം പറയിക്കാൻ നമ്മുടെ എം.പി. മാർ മുതിരാത്തതെന്തുകൊണ്ടാണ്? ❑

# ന്യായാസനങ്ങളിൽനിന്ന് ചില അപസ്വരങ്ങൾ

**ക**ഴിഞ്ഞ മാർച്ച് 11ന്ന് സുപ്രീം കോടതിയിൽനിന്ന് ശ്രദ്ധേയമായൊരു വിധിയുണ്ടായി. മുരിങ്ങൂർ ധ്യാനകേന്ദ്രം സംബന്ധിച്ച ഒരു കേസിൽ ജ: എസ്. എച്ച് കപ്പാഡിയ, ജ: ബി. സുദർശൻ റെഡ്ഡി എന്നിവരടങ്ങിയ ബഞ്ചിലാണ് വിധിയുണ്ടായത്. ധ്യാനകേന്ദ്രത്തെക്കുറിച്ചു ലഭിച്ച ഒരു ഊമക്കത്ത് പൊതുതാല്പര്യ ഹർജിയായി പരിഗണിക്കുകയും ധ്യാനകേന്ദ്രത്തെ പറ്റി അന്വേഷിക്കാൻ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്ത കേരള ഹൈക്കോടതിയുടെ കല്പന അസാധുവാക്കിക്കൊണ്ടുള്ളതായിരുന്നു വിധി.

ഊമക്കത്ത് പൊതുതാല്പര്യ ഹരജിയാക്കിക്കൂട, അന്വേഷണത്തിലിരിക്കുന്ന കേസിൽ ഇടക്കുകയറി അമ്പേഷണ ഉദ്യോഗസ്ഥനെ മാറ്റരുത്, പ്രശ്നപരിഹാരത്തിന്നുള്ള ഉത്തരവാദിത്വം കോടതി ഏറ്റെടുക്കരുത് എന്നും മറ്റുമാണ് കോടതി ചൂണ്ടിക്കാട്ടിയത്.

* * *

ഇതേ സമയം കേരള ഹൈക്കോടതിയിൽ മറ്റൊരു വിധിയുണ്ടായി. മലബാറിൽ ഒരു എൻ.ഡി.എഫ്. പ്രവർത്തകൻ കൊല്ലപ്പെട്ടതു സംബന്ധിച്ച കേസിന്റെ അന്വേഷണം സി.ബി.ഐ.ക്ക് വിടണമെന്ന ഒരപേക്ഷ അനുവദിച്ചുകൊണ്ടുള്ളതായിരുന്നു വിധി. കൊലപാതകത്തിന്നുശേഷം കൊല്ലമൊന്നു കഴിഞ്ഞിട്ടും അന്വേഷണം തൃപ്തികരമായി പുരോഗമിക്കുന്നില്ലെന്നു ബോധ്യം വന്നതിനാലാണ് കേസ് സി.ബി.ഐ.ക്ക് വിടാൻ കോടതി കല്പിച്ചത്.

പക്ഷെ, കാര്യം അവിടം കൊണ്ട് അവസാനിച്ചില്ല. കണ്ണൂരിലെ അക്രമരാഷ്ട്രീയത്തിന്നു തടയിടാൻ കേന്ദ്രസേനയെ നിയോഗിക്കണമെന്നും കണ്ണൂരിലെ മനുഷ്യക്കുരുതിയും രക്തച്ചൊരിച്ചിലും അവസാനിപ്പിക്കാൻ കേന്ദ്രം ഇടപെടേണ്ടതായ അടിയന്തര സാഹചര്യം ഗവർണർ കേന്ദ്രഗവർമ്മേണ്ടിനെ ബോധിപ്പിക്കണമെന്നും മററും കോടതി നിർദ്ദേശിക്കുകയുണ്ടായി.

ഒരു കോടതിക്ക് കോടതിമുമ്പാകെയുള്ള വിഷയത്തിന്റെ ന്യായാന്യായതകൾ നോക്കി വിധി പറയാൻ അധികാരമുണ്ട്. എന്നാൽ കേസുമായി ഒരു ബന്ധവുമില്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നത് അനുചിതമായി തോന്നുന്നു. ഗവർണർ കേന്ദ്രഗവർമ്മേണ്ടിന്ന് ഏതു തരത്തിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നൊക്കെ കോടതി നിർദ്ദേശിക്കുന്നത് ഉചിതമാകുമെന്ന് തോന്നുന്നില്ല. അനാവശ്യകാര്യങ്ങളിൽ കോടതി കയറി ഇടപെടരുതെന്ന ജ: കപ്പാഡിയയുടേയും ജ: സുദർശൻ റെഡ്ഡിയുടേയും വിധി ഇവിടെ വളരെ പ്രസക്തമായി തോന്നുന്നു.

* * *

ഇതിനേക്കാളെല്ലാം അസ്വാസ്ഥ്യജനകമായിരുന്നു ഈയിടെ സുപ്രീം കോടതിയിലുണ്ടായ സംഭവം. ഫെബ്രുവരി 19ന്ന് കോടതി ഗോധ്രാ കേസ് പരിഗണിക്കുന്നതിന്നിടയിൽ ചീഫ് ജസ്റ്റിസ് ജ: കെ.ജി. ബാലകൃഷ്ണൻ പ്രതികളെ പ്രതിനിധീകരിച്ച് ഹാജരായ ടീസ്റ്റ സെത്തൽവാദിന്നെതിരെ അകാരണമായി പൊട്ടിത്തെറിച്ചു.

2002 ഫെബ്രുവരി 27ന്ന് ഗോധ്രയിൽവച്ച് ഒരു തീവണ്ടിക്ക് തീപിടിക്കുകയും അമ്പതിൽപരം പേർ മരിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് ഗുജറാത്ത് പോലീസ് ചാർജ് ചെയ്ത കേസിൽ 84 പ്രതികളുണ്ട്. പഴയ "പോട്ട" നിയമപ്രകാരമാണ് ഇവർക്കെതിരെ കേസെടുത്തിരിക്കുന്നത്. അതിനാൽ ആർക്കും ജാമ്യം ലഭിച്ചില്ല.

ഈ കേസ് പോട്ടയുടെ പരിധിയിൽ വരില്ലെന്ന് പോട്ട അവലോകന കമ്മിറ്റി തന്നെ കല്പിക്കുകയുണ്ടായി. പ്രതികൾക്ക് ജാമ്യം അനുവദിക്കാവുന്നതാണെന്ന് സുപ്രീം കോടതിതന്നെ വിധിച്ചിട്ടുമുണ്ട്. എന്നാൽ ഇതുവരെ ആരുടേയും ജാമ്യാപേക്ഷ പരിഗണനക്ക് എടുത്തിട്ടില്ല.

ഗോധ്ര സംഭവത്തെത്തുടർന്ന് ഗുജറാത്തിൽ നടന്ന നരവേട്ട സംബന്ധിച്ച് നൂറുകണക്കിന് കേസുകൾ ചാർജ് ചെയ്തിരുന്നു. ഇവയിലെ പ്രതികളെല്ലാം ജാമ്യത്തിൽ പുറത്തിറങ്ങി സ്വൈരവിഹാരം നടത്തുകയാണ്. ഇവരിലധികവും വിശ്വഹിന്ദുക്കളാണ്. എന്നാൽ തീവണ്ടിക്ക് തീപിടിച്ച കേസിലെ പ്രതികൾക്ക് ജാമ്യം നൽകിയിട്ടില്ല. ഈ പ്രതികൾ മുസ്ലീമുകളാണ്. ഇവരുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നതിൽ വരുന്ന കാലതാമസത്തിൽ അനേകം പേർ പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു; പലരും ലേഖനങ്ങളെഴുതിയിരുന്നു. അങ്ങനെ ഒരു ലേഖനമെഴുതിയ ആളാണ് ടീസ്റ്റ. ടീസ്റ്റയുടെ ലേഖനമാണ് ചീഫ് ജസ്റ്റീസിനെ ക്ഷോഭിപ്പിച്ചതെന്നു തോന്നുന്നു.

ടീസ്റ്റയുടെ ലേഖനം വസ്തുനിഷ്ഠമാണ്. മറ്റനേകം പേർ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾതന്നെയാണ് ഈ ലേഖനത്തിലുമുള്ളത്. ഈ ലേഖനത്തിലെന്നല്ല ഇതിന്നു മുമ്പും ടീസ്റ്റ ഈ പരാതികൾ പരസ്യമായി ഉന്നയിച്ചിരുന്നു.

ഇനി അഥവാ ടീസ്റ്റ ചെയ്തത് തെറ്റാണെന്ന് വയ്ക്കുക. എന്നാൽ അവർക്കെതിരെ കോട്ടലക്ഷ്യ നടപടി സ്വീകരിക്കാമായിരുന്നു. അതൊന്നും ഉണ്ടായില്ലെന്നല്ല, ടീസ്റ്റയോട് ഒരു വിശദീകരണം ആവശ്യപ്പെടുകപോലും ഉണ്ടായില്ല. നേരെ മറിച്ച് പ്രതികളുടെ പ്രതിനിധി ടീസ്റ്റയാണെങ്കിൽ താനിത് പരിഗണിക്കില്ലെന്നാണ് ചീഫ് ജസ്റ്റിസ് പറഞ്ഞത്. ഒടുവിൽ ടീസ്റ്റ തങ്ങളെ പ്രതിനിധീകരിക്കുന്നില്ലെന്ന് പ്രതികൾക്ക് പറയേണ്ടിവന്നു.

കോടതികളെ ദുരുദ്ദേശപൂർവ്വം വിമർശിച്ചാൽ, വിമർശകർക്കെതിരെ കോർട്ടലക്ഷ്യ നടപടിയെടുക്കാറുണ്ട്. ഉത്തരവാദിത്വബോധമില്ലാതെ കേസും കൂട്ടവുമായി നടക്കുന്നവരെ ദുർവ്യവഹാരിയായി കോടതി പ്രഖ്യാപിക്കാറുണ്ട്. ഇവിടെ അതൊന്നും ഉണ്ടായില്ലെന്നതാണ് അത്ഭുതകരം.

ബെസ്റ്റ് ബേക്കറി കേസിൽ ഗുജറാത്ത് ഹൈക്കോടതി ടീസ്റ്റക്ക് എതിരായി ചില പരാമർശങ്ങൾ നടത്തിയിരുന്നു. ടീസ്റ്റ സൂപ്പർ അന്വേഷകയാണെന്നും, സാമൂഹ്യവിരുദ്ധയാണെന്നും, ദേശീയ വിരുദ്ധയാണെന്നും മറ്റും ഹൈക്കോടതി കുറ്റപ്പെടുത്തുകയുണ്ടായി. പിന്നീട് സുപ്രീം കോടതിയിൽ ജ: അരിജിത് പസ്സായത് ഈ പരാമർശങ്ങളെല്ലാം നീക്കം ചെയ്യുകയും ഇത്തരം പരാമർശങ്ങൾ നടത്തുന്നത് ശരിയല്ലെന്ന് പ്രസ്താവിക്കുകയും ചെയ്തിരുന്നു.

ഗോധ്ര കേസിലെ പ്രതികൾക്ക് സുപ്രീം കോടതി മുമ്പാകെത്തന്നെ ജാമ്യാപേക്ഷ സമർപ്പിക്കാമെന്ന് സുപ്രീം കോടതി 2007 ഫെബ്രുവരി 22ന്ന് കല്പിച്ചിരുന്നു. ഇതനുസരിച്ച് പ്രതികൾ 2007 ഏപ്രിൽ 10ന്ന് സുപ്രീം കോടതിയിൽ ജാമ്യാപേക്ഷ സമർപ്പിക്കുകയും ചെയ്തു. ഡിസംബർ 12ന്ന് ജാമ്യാപേക്ഷകൾ പരിഗണനക്കുവന്നുവെങ്കിലും ജഡ്ജിമാരിലൊരാൾ പോട്ട കേസുമായി ബന്ധപ്പെട്ട ആളാകയാൽ അന്ന് ഹർജികൾ പരിഗണിക്കാതെ നീട്ടിവച്ചു.

കഴിഞ്ഞ ജനുവരി 16ന്ന് ജാമ്യാപേക്ഷകൾ ഒരു മൂന്നംഗബഞ്ചിന്റെ മുന്നിൽ പരിഗണനക്കുവന്നു. പക്ഷെ ജഡ്ജിമാരിലൊരാൾ ഗുജറാത്തിൽനിന്നുള്ള ആളാകയാൽ ഹരജികൾ പരിഗണിക്കാതെ വീണ്ടും നീട്ടി. ഈ കാലതാമസത്തെ വിമർശിച്ചുകൊണ്ടുള്ളതായിരുന്നു ടീസ്റ്റയുടെ ലേഖനം. ❑

# പബ്ലിക് സർവ്വീസ് കമ്മീഷന്റെ സംവരണ അട്ടിമറി

- ടി.വി. അച്ചുതവാരിയർ -

കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഒരു സംവരണ അട്ടിമറികൂടി കോടതി അസാധുവായി പ്രഖ്യാപിച്ചു. പബ്ലിക് സർവ്വീസ് കമ്മീഷനും കോടതിയും തമ്മിൽ നടന്നുവരുന്ന അവസാനിക്കാത്ത യുദ്ധത്തിലെ ഏറ്റവും ഒടുവിലത്തെ വിധി കഴിഞ്ഞ മാർച്ച് 21 ന് ചെന്നൈയിലാണുണ്ടായത്. കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷാനിയമത്തിലെ പുതിയ റൂൾ 16(2) ഭരണഘടനാ വിരുദ്ധവും അസാധുവുമാണെന്ന് കോടതി വിധിച്ചു.

സംവരണതത്വം അട്ടിമറിക്കാൻ കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ശ്രമങ്ങൾക്ക് നീണ്ടകാലത്തെ ഒരു ചരിത്രമാണുള്ളത്. ഓരോ അട്ടിമറിക്കെതിരായും ആരെങ്കിലും കോടതിയെ സമീപിച്ച് പരിഹാരമുണ്ടാക്കും പക്ഷെ ഇതിലധികവും വ്യക്തിഗതമായിരുന്നതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷന് അട്ടിമറി തുടർന്നു പോകാൻ കഴിഞ്ഞു.

പബ്ലിക് സർവ്വീസ് കമ്മീഷൻ ഓരോ കൊല്ലവും ഡസൻ കണക്കിന്നു പരീക്ഷകൾ നടത്താറുണ്ട്; ഫലം പ്രഖ്യാപിക്കാറുണ്ട്; സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കാറുമുണ്ട്. ഇതിൽ എവിടെയൊക്കെയാണ് അട്ടിമറി നടക്കുന്നതെന്ന് ആരെങ്ങനെ അറിയാനാണ്! അറിഞ്ഞാൽതന്നെ, പബ്ലിക് സർവ്വീസ് കമ്മീഷന്നെതിരെ കേസുകൊടുക്കാനും കേസ് നടത്താനുമുള്ള വിവരവും സാമ്പത്തിക ശേഷിയും നിശ്ചയദാർഢ്യവും എത്രപേർക്കുണ്ടാകും?

പ്രശ്നം ഇതാണ്; സംവരണ നിയമപ്രകാരം കേന്ദ്രഗവർമ്മേണ്ടിൽ ഒഴിവു വരുന്ന തസ്തികകളിൽ 16 ശതമാനം പട്ടികജാതിക്കാർക്കും 6 ശതമാനം പട്ടികവർഗ്ഗക്കാർക്കും 27 ശതമാനം മറ്റ് പിന്നോക്ക സമുദായക്കാർക്കും (OBC) നീക്കി വച്ചിട്ടുണ്ട്. ബാക്കിയുള്ള 51 ശതമാനം തസ്തികകൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ നികത്തേണ്ടതാണ്.

എന്നാൽ ചെറിയൊരു കള്ളത്തരത്തിലൂടെ പബ്ലിക് സർവ്വീസ് കമ്മീഷൻ ഇത് തലകീഴാക്കി മറിച്ചു കമ്മീഷന്റെ തന്ത്രമനുസരിച്ച്, ഒഴിവുള്ള തസ്തികകളിൽ 16 ശതമാനം പട്ടികജാതിക്കാർക്കും 6 ശതമാനം പട്ടികവർഗ്ഗക്കാർക്കും 27 ശതമാനം OBC ക്കാർക്കും ബാക്കിയുള്ള 51 ശതമാനം മുന്നോക്ക സമുദായക്കാർക്കും സംവരണം ചെയ്യപ്പെടും.

യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടേണ്ട 51 ശതമാനം തസ്തികകളിലേക്കാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ ആദ്യം നിയമനം നടത്തേണ്ടത്. ഇങ്ങനെ നിയമിക്കുമ്പോൾ അതിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരും OBCക്കാരുമെല്ലാം ഉണ്ടായെന്നുവരും. ഏതുസമുദായത്തിലും അതിസമർത്ഥരായ ചിലർ ഉണ്ടാകാറുണ്ട്. ഭരണഘടനാശിൽപിയായ അംബേദ്കറും മുൻ രാഷ്ട്രപതി നാരായണനുമെല്ലാം ഉദാഹരണം. ഒരുവിധ സംവരണാനുകൂല്യവുമില്ലാതെതന്നെ ഏതുപദവിയിലും എത്താൻ പ്രാപ്തിയുള്ളവരാണിവർ. അതുകൊണ്ടുതന്നെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ യോഗ്യരുടെ

ലിസ്റ്റിൽ ഇത്തരക്കാരായ പല മിടുക്കൻമാരുമുണ്ടാകും.

എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ചെറിയൊരു തന്ത്രം പ്രയോഗിച്ചു. നിയമനത്തിന്ന് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ആദ്യം തന്നെ സംവരണ സീറ്റുകളിലേക്കുള്ളവരെ തിരഞ്ഞെടുക്കും. പട്ടികജാതിയിലേയും പട്ടികവർഗ്ഗത്തിലേയും OBC യിലേയും മിടുക്കന്മാരെയെല്ലാം തിരഞ്ഞുപിടിച്ച് സംവരണ ഒഴിവുകളെല്ലാം നികത്തും. യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള നിയമനം അവസാനമാണ് നടത്തുക; അപ്പോൾ അതിൽ സവർണ്ണർ മാത്രമേ ഉണ്ടാവൂ.

ഇവിടെ രണ്ട് അനീതികൾ നടക്കുന്നുണ്ട്. യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കേണ്ടവരെ സംവരണ ലിസ്റ്റിലേക്ക് ഇറക്കികൊണ്ടുവരുമ്പോൾ, സംവരണ ലിസ്റ്റിൽ സ്ഥാനം കിട്ടേണ്ടിയിരുന്ന പലർക്കും സ്ഥാനം നഷ്ടപ്പെടുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ സംവരണ സമുദായങ്ങളിൽ പെട്ടവരിൽ ചിലർ യോഗ്യതയുടെ അടിസ്ഥാനത്തിൽ കയറിപ്പോയിരുന്നുവെങ്കിൽ, അത്രതന്നെ യോഗ്യരല്ലാത്ത കുറച്ചു പേർക്കു കൂടി സംവരണ തത്വപ്രകാരം നിയമനം ലഭിക്കുമായിരുന്നു.

യോഗ്യരുടെ ഭാഗത്തെ സ്ഥിതി ഇതിന്നു വിരുദ്ധമാണ്. യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടേണ്ടിയിരുന്ന ചിലരെ സംവരണ വിഭാഗത്തിലേക്ക് ഇറക്കിയിരുത്തുമ്പോൾ, യോഗ്യരുടെ ഭാഗത്ത് അത്രയും ഒഴിവുകൾ കൂടുതലുണ്ടാകുന്നു. യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെടാനാകാത്ത കുറെ പേർ യോഗ്യരുടെ ലിസ്റ്റിൽ കയറിപ്പറ്റുന്നു.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരീക്ഷയും പരീക്ഷാഫലപ്രഖ്യാപനവും റാങ്ക് ലിസ്റ്റ് തയ്യാറാക്കലുമെല്ലാം രഹസ്യ സ്വഭാവമുള്ളതാകയാൽ, അവിടെ എന്തു നടക്കുന്നുവെന്ന് അധികം പേർക്കൊന്നും അറിയാനാവില്ല. കമ്മീഷന്റെ കുതന്ത്രങ്ങൾമൂലം ഗതികേടിലാകുന്നവർ ദളിതരാകയാൽ അവർക്കിതിനൊന്നും പരിഹാരമുണ്ടാക്കാനുമാവില്ല. നല്ല സാമ്പത്തികശേഷിയുള്ളവർക്കെ ഇത്തരം കുരുട്ടുവിദ്യകൾക്കെതിരായി കോടതിയെ ആശ്രയിച്ച് പരിഹാരമുണ്ടാക്കാനാവൂ. കോടതി മുമ്പാകെ എത്തിയ പല കേസുകളിലും കോടതി സംശയാതീതമായരീതിയിൽ വിധി പ്രഖ്യാപിച്ചിട്ടുണ്ട്. സംവരണ വിഭാഗത്തിൽ പെട്ട ഒരാൾ യോഗ്യതയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ടാൽ, അയാളെ യോഗ്യരുടെ ലിസ്റ്റിൽ മാത്രമേ പെടുത്താവൂ എന്നും അയാളെ സംവരണ വിഭാഗത്തിലേക്ക് ഇറക്കി കെട്ടരുതെന്നും സുപ്രീം കോടതി പല കേസുകളിലും കൽപ്പിച്ചിട്ടുണ്ട്. പക്ഷെ ഓരോ വിധി കഴിയുമ്പോഴും പബ്ലിക് സർവ്വീസ് കമ്മീഷൻ എന്തെങ്കിലും സൂത്രപ്പണി പറ്റിക്കും.

2004 ഡിസംബറിൽ കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷൻ 457 തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. ഒന്നാം ഘട്ടത്തിൽ പരീക്ഷയിൽ ജയിച്ച 425 പേരുടേയും രണ്ടാംഘട്ടത്തിൽ 32 പേരുടേയും റാങ്ക് ലിസ്റ്റ് കമ്മീഷൻ തയ്യാറാക്കി. ഇതിന്നിടയിൽ കമ്മീഷൻ പരീക്ഷാവ്യവസ്ഥ പുതുക്കി; റൂൾ 16(2) നടപ്പാക്കി. ഇതനുസരിച്ച് യോഗ്യരുടെ ലിസ്റ്റിൽപെട്ട 32 പേരെ സംവരണലിസ്റ്റിലേക്ക് മാറ്റി.

ഇതിന്നെതിരെ രണ്ട് ഉദ്യോഗാർത്ഥി

# കേരളത്തിലെ ജലസംരക്ഷണം: പ്രശ്നങ്ങളും സമീപനവും

**- കെ. രാജശേഖരൻ -**

ജലസംരക്ഷണം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. കുടിവെള്ള സ്രോതസ്സുകൾ, കുളങ്ങൾ, ജലസംഭരണികൾ, ജലമാർഗ്ഗങ്ങൾ, കനാലുകൾ എന്നിവ ഗ്രാമപഞ്ചായത്തുകൾ സംരക്ഷിക്കണമെന്ന് കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനു പ്രോത്സാഹനം നൽകുകയും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനു പ്രചരണം നൽകുകയും പാഴ്ഭൂമി വനവൽക്കരിക്കുകയും ചെയ്യുന്നതും അവയുടെ ചുമതലയാണ്. കൃഷി വികസനത്തിന്റെ ഭാഗമായി മണ്ണു സംരക്ഷണവും സസ്യ സംരക്ഷണവും നിർവ്വഹിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും പരിസ്ഥിതിയുടെ ഉന്നമനത്തിന്നായി പ്രേരണ ചെലുത്തേണ്ടതും ഗ്രാമപഞ്ചായത്തുകളാണ്. ഔദ്യോഗിക ചുമതലകൾക്കപ്പുറം ജനനേതാക്കൾ എന്ന നിലയിൽ ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഭരണസാരഥികൾ നേതൃത്വം നൽകണം. മണ്ണും ജലവും സസ്യ വൃക്ഷജാലങ്ങളും സംരക്ഷിക്കാത്ത ഒരു ഗ്രാമപഞ്ചായത്തിനും സ്ഥായിയായ വികസനം സാധ്യമല്ല.

കേരളം ലോകത്തിലെ അതിമനോഹരവും വിഭവ സമ്പന്നവുമായ പ്രദേശങ്ങളിലൊന്നാണ്. മണ്ണിന്റെ ഫലപുഷ്ടിയും, ജലത്തിന്റെ സമൃദ്ധിയും സസ്യങ്ങളുടെ സമ്പന്നതയും വൈവിദ്ധ്യവുമാണ് കേരളത്തെ മനോഹരവും വിഭവസമ്പന്നവുമാക്കി നിലനിർത്തുന്നത്. എന്നാൽ കേരളത്തിലെ വനങ്ങളിലെ സസ്യവൈവിദ്ധ്യവും വൃക്ഷസമൃദ്ധിയും കൃഷിയിടങ്ങളിലേയും നാട്ടിലെയും സസ്യജാലങ്ങളും അതിദ്രുതം ക്ഷയിക്കുകയാണ്. കേരള ➡

---

കൾ സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാതി സമർപ്പിച്ചുവെങ്കിലും ഫലമുണ്ടായില്ല. ഇതിനെത്തുടർന്നാണിവർ മദ്രാസ് ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചതും റൂൾ 16(2) അസാധുവാക്കിക്കൊണ്ട് വിധി വന്നതും.

സംവരണ നിയമപ്രകാരം, ആകെയുള്ള 457 സീറ്റിൽ 224 സീറ്റ് സംവരണ വിഭാഗങ്ങൾക്കും 233 സീറ്റ് യോഗ്യരായവർക്കുമുള്ളതാണ്. എന്നാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ യോഗ്യതാ വിഭാഗത്തിൽ സ്ഥാനം ലഭിച്ച 32 പിന്നോക്ക സമുദായക്കാരെ സംവരണ വിഭാഗത്തിലേക്ക് താഴ്ത്തി. തന്മൂലം സംവരണ വിഭാഗാത്തിൽ നിയമനം കിട്ടേണ്ടിയിരുന്ന 32 പേർ പുറത്തായി; അതേസമയം യോഗ്യതാ വിഭാഗത്തിലെ 233 പേരിൽനിന്ന് 32 പേരെ മാറ്റിയപ്പോൾ, അനർഹരായ 32 പേർക്ക് അവിടെ സ്ഥാനം ലഭിച്ചു.

റൂൾ 16(2) പ്രകാരം തയ്യാറാക്കപ്പെട്ട ലിസ്റ്റ് റദ്ദാക്കി സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ യോഗ്യരുടേയും സംവരണക്കാരുടേയും ലിസ്റ്റ്തയ്യാറാക്കാനാണ് മദ്രാസ് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുള്ളത്. ❑

ത്തിലെ കുടിവെള്ളത്തിന്റെയും കാർഷികാവശ്യങ്ങൾക്കുള്ള ജലത്തിന്റെയും ക്ഷാമത്തിന് ക്ഷയിക്കുന്ന വനങ്ങൾ കാരണമാകുന്നു. കൂടാതെ നമ്മുടെ കാർഷിക വ്യവസായിക മേഖലകളിൽ നിരാശാജനകമായ ഉൽപാദന തകർച്ച സൃഷ്ടിക്കുന്ന വികസന പ്രതിസന്ധി മറികടക്കാനും, കേരളം ജനജീവിതത്തിനു തകുന്നതായി നിലനിർത്താനും സമഗ്ര മണ്ണു-ജല-സസ്യ-വൃക്ഷ സംരക്ഷണ പ്രവർത്തനങ്ങൾ അനുവർത്തിക്കണം. ജലസംരക്ഷണം അതിന്റെ കേന്ദ്രഘടകമാക്കണം.

ജലക്ഷാവും വൃക്ഷനാശവും വേനൽമാസങ്ങളിലെ ചൂട് അസഹ്യമാക്കുന്നു. വേനൽചൂട് വർഷം ചെല്ലുംതോറും അനുക്രമം വർദ്ധിക്കുകയാണ്. വേനലിൽ അന്തരീക്ഷ ഈർപ്പം പോലും ഇല്ലാത്തതിനാൽ പലപ്പോഴും വേനൽമഴയും ലഭ്യമല്ലാതാകുന്നു. നമ്മുടെ സംസ്ഥാനത്ത് അല്പമാത്രമായി നടക്കുന്ന കാർഷിക ഉൽപാദനവും തകിടം മറിയുന്നു. ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ദൂരവ്യാപകഫലങ്ങൾക്കിടയിൽ വിനാശം മാത്രം വിതക്കുന്ന പരിതസ്ഥിതി തകർച്ചയുടെ ദുരിതങ്ങളും ഏറ്റുവാങ്ങേണ്ട ഗതികേടിലാണ് കേരള ജനത. കേരളം ഹരിത ഭംഗിയില്ലാത്ത, ഉൽപ്പാദനക്ഷമതയില്ലാത്ത മരുഭൂവൽക്കരണത്തിലേക്കു ക്രമമായി മാറിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാകാനുള്ള എല്ലാ സാധ്യതകളും തെളിഞ്ഞു വരുന്നു. മണ്ണും ജലവും വൃക്ഷ-സസ്യ-ജന്തുജാലങ്ങളും പരസ്പര ബന്ധിതമായി, സന്തുലിതമായി, സമഗ്രതയോടെ സംരക്ഷിക്കുന്നതിലെ വികലതകൾ ഒരു പാരിസ്ഥിതിക തകർച്ചയിലേക്ക് നമ്മുടെ സംസ്ഥാനത്തെ നയിക്കുന്നു.

മണ്ണും ജലവും സസ്യവൃക്ഷജാലങ്ങളും പരസ്പര ആശ്രിതത്തോടെ മാത്രമേ നിലനിർത്താനാകൂ. മണ്ണിൽ മാത്രമേ വൃക്ഷങ്ങൾ വളരൂ. വൃക്ഷങ്ങൾ അവയുടെ വേരു പടങ്ങൾ കൊണ്ട് മണ്ണിനെ ഒരു വലയിലെന്ന വണ്ണം ബലമായി പിടിച്ചു നിർത്തുകുയും ജലം സംരക്ഷിക്കുകയും ചെയ്യും. വൃക്ഷങ്ങൾ വളരാൻ പാകത്തിൽ ജല സമൃദ്ധമായി മണ്ണു സംരക്ഷിക്കപ്പെടണം. ജലം സംരക്ഷിക്കാൻ മണ്ണു സംരക്ഷിക്കപ്പെടണം. മണ്ണു സംരക്ഷിക്കാൻ പ്രത്യേകിച്ചും അത് ഒലിച്ചുപോകാതെ സംരക്ഷിക്കാൻ വൃക്ഷങ്ങൾ വ്യാപകമായി വളർത്തണം. വൃക്ഷങ്ങൾ അവയുടെ ഇലകൾ കൊണ്ട് മണ്ണിന് ആവരണമുണ്ടാക്കി സൂര്യപ്രകാശം നേരിട്ട് മണ്ണിൽ പതിയുന്നത് ഒഴിവാക്കി ഈർപ്പം നഷ്ടം വരാതെ സംരക്ഷിക്കുകയും ചെയ്യും. സൗരോർജ്ജം വലിച്ചെടുത്ത് മനുഷ്യർക്കും മറ്റു ജീവികൾക്കും ആവശ്യമായ ഭക്ഷണ നിർമ്മിതി നടത്തുന്നതും സസ്യവൃക്ഷ ജാലങ്ങളാണ്. അതിനും ജലം ആവശ്യമാണ്. മണ്ണും ജലവും സസ്യവൃക്ഷജാലങ്ങളും സംയോജിതമായി പരസ്പരാശ്രിതത്തോടെ സംരക്ഷിക്കുകയാണ് സ്ഥായിയായ ജലസംരക്ഷണ രീതി.

പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ 75 ശതമാനം പ്രദേശങ്ങളും വനങ്ങളായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അത് 44 ശതമാനമായി കുറഞ്ഞു. നാണ്യവിളകൾ കൃഷിചെയ്യാനായി വനം വെട്ടിതെളിച്ചതായിരുന്നു അതിനു കാരണം. ഇരുപതാം നൂറ്റാണ്ടിന്റെ മൂന്നു ദശകങ്ങൾ പിന്നിട്ടപ്പോൾ വനവിസ്തൃതി 35 ശതമാനമായി ക്ഷയിച്ചു. ക്രമമായ വനശോഷണമായിരുന്നു പിന്നീടും തുടർന്നത്. കാലിമേച്ചിൽ, കുടിയേറ്റം, വനഭൂമി പതിച്ചുനൽകൽ, കാട്ടുതീ, ജന

പ്പെരുപ്പം എന്നിവയിലൂടെ വനങ്ങൾ അങ്ങിങ്ങ് പേരിനു മാത്രമായി. ഇന്നു സ്ഥായിയായ വനങ്ങൾ 10 ശതമാനമെങ്കിലുമായി കുറഞ്ഞിട്ടുണ്ടാകുമെന്നാണ് അനുമാനം. (28.98 ശതമാനം വനം ഉണ്ടെന്നാണ് ഔദ്യോഗിക കണക്ക്). സ്ഥായിയായ സാമ്പത്തിക വകസനത്തിന് 33 ശതമാനമെങ്കിലും വനങ്ങൾ നിലനിർത്തണമെന്ന കാഴ്ചപ്പാടുള്ളപ്പോഴാണ് ഇത്. കേരളത്തിലെ കൃഷിയിടങ്ങളിലും വീട്ടുമുറ്റത്തുള്ള വൃക്ഷങ്ങളും സസ്യജാലങ്ങൾ പോലും ഇന്ന് വ്യവസായങ്ങൾക്കും ഗൃഹാവശ്യങ്ങൾക്കുമായി നശിപ്പിക്കപ്പെടുകയോ സംരക്ഷണമില്ലാതെ നശിക്കാൻ അനുവദിക്കപ്പെടുകയോ ചെയ്യുന്നു.

വനങ്ങളാണ് നദികളും നീരരുവികളും സ്ഥായിയായി നിലനിർത്തുന്നത്. വനങ്ങളിൽ മഴ ലഭിക്കുമ്പോൾ മഴത്തുള്ളികൾ ഇലകളിലും അടിക്കാടുകളിലും തട്ടി ചിന്നി ചിതറി മണ്ണിലേക്ക് ഇറങ്ങി അതിൽ നിന്നും നീരുറവകൾ രുപപ്പെട്ട് അവ ചേർന്ന് അരുവികളും നദികളുമായി അവ ഒഴുകുന്ന പ്രദേശത്തിനിരുകരകളിലും ജലം നൽകി കടലിൽ ചെന്നു ചേരുകയാണ് സാധാരണ പ്രക്രിയ. വനനാശം നദികൾ വഴിയുള്ള ഈ ജലചംക്രമണ പ്രക്രിയ ഇല്ലാതാക്കുന്നു.

നമ്മുടെ നദികൾ നീളവും വീതിയും ജലവാഹകശേഷിയും കുറഞ്ഞവയാണ്. വന നശീകരണവും മണൽവാരലും മലിനീകരണവും വൃഷ്ടിപ്രദേശത്തെ കൃഷിയും നദികളെ നശിപ്പിക്കുകയാണ്. നദികളിലേക്കും നദികളിൽ നിന്നു മറ്റിടങ്ങളിലേക്കും ജലം എത്തിച്ചിരുന്ന ചെറുതോടുകളും കൈവഴികളും മിക്കവാറും ഇല്ലാതായി കഴിഞ്ഞു. കേരളത്തിലെ ജലലഭ്യതയെ ഇതു സാരമായി തകരാറിലാക്കും.

മണ്ണിന്റെ ഫലപുഷ്ടി നഷ്ടമാക്കാതെ സംരക്ഷിക്കുന്നതിലും വൃക്ഷങ്ങൾക്കു നിർണ്ണായക പങ്കുണ്ട്. മഴക്കാലത്ത് മഴവെള്ളം അതിശക്തമായി മണ്ണിൽ പതിക്കുമ്പോൾ ഫലപുഷ്ടിയുള്ള മേൽമണ്ണ് ഒലിച്ച് നഷ്ടമാകാതെ സംരക്ഷിക്കുന്നത് വൃക്ഷങ്ങളും സസ്യങ്ങളുമാണ്. സസ്യങ്ങൾ ഉപരിതല നീരൊഴുക്കിന്റെ ഗതിവേഗം കുറച്ച് മഴവെള്ളം മണ്ണിൽ ആഴ്ന്നിറങ്ങാൻ സഹായിക്കുന്നു. മഴക്കാലത്ത് മരങ്ങളും കൃഷിനാശവും വരുത്തുന്ന ഉരുൾപൊട്ടൽ ഉണ്ടാകാതെ സംരക്ഷിക്കുന്നതിലും വേരുപടലങ്ങൾ ഒരു ശൃംഖല പോലെ മണ്ണിൽ ദൃഢമായി പായിക്കുന്ന വൃക്ഷങ്ങൾക്കു പങ്കുണ്ട്. അന്തരീക്ഷത്തിലേക്ക് ഇലകളിലെ സ്റ്റോമാറ്റയിലൂടെ (Stomata) ഈർപ്പം പുറംതള്ളുന്ന വൃക്ഷങ്ങൾ നമ്മുടെ ഉഷ്ണകാലാവസ്ഥയെ സുഖശീതളിമയുള്ളതുമാക്കുന്നു. വൃക്ഷത്തലപ്പുകൾക്ക് പൊടിപടലങ്ങളെ ആഗിരണം ചെയ്തു അന്തരീക്ഷം ആരോഗ്യദായകമായി നിലനിർത്തുന്നതിലും പങ്കുണ്ട്. നഗരപ്രദേശങ്ങളിൽ ശബ്ദവീചികൾ അനാരോഗ്യകരമാകാതെ കുറയ്ക്കുന്നതിനും വൃക്ഷങ്ങൾ ഉപകരിക്കുന്നു.

മണ്ണൊലിപ്പു തടഞ്ഞ് ജലസംഭരണികൾ നികരാതിരിക്കാൻ വൃക്ഷങ്ങൾ ഉപകരിക്കും. മഴക്കാലത്ത് മഴവെള്ളത്തിന്റെ കുത്തൊഴുക്കിനെ ക്രമപ്പെടുത്തി വെള്ളപ്പൊക്കത്തിന്റെ ആക്കം കുറയ്ക്കുന്നതിലും വൃക്ഷങ്ങൾക്കു പങ്കുണ്ട്. വൃക്ഷങ്ങളുടെ വേരുകൾ മണ്ണിനെ ബലപ്പെടുത്തി സംരക്ഷിക്കുമ്പോഴാണ് മണ്ണു ജലസംഭരണിയാകുന്നത്. വൃക്ഷങ്ങൾ നശിച്ചാൽ മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണം തകരാറിലാകും കുടിവെള്ളം പോലും അപ്രാപ്യമാകും. സ്ഥായിയായ പരിസ്ഥിതി തകർച്ചയാകും ആത്യന്തിക ഫലം. ❑

# ജനനീതി മാസിക തുടർന്നും ലഭിക്കണമോ?

1994-ൽ പ്രസിദ്ധീകരണം തുടങ്ങിയ ജനനീതി മാസിക എല്ലാമാസവും 28-ാം തിയ്യതി 3000-ലധികം പേർക്ക് സൗജന്യമായി അയച്ചുവരുന്നു. മുടക്കം കൂടാതെ മാസിക പ്രസിദ്ധീകരിക്കുന്നതിലെ സാമ്പത്തിക ഭാരത്തിനു പുറമെ, തപാൽ വകുപ്പ് നിർദ്ദേശിച്ച നിബന്ധനകൾ അനുസരിച്ച് തരംതിരിക്കുന്നതും ക്രമപ്പെടുത്തുന്നതും നിലവിലുള്ള സ്റ്റാഫിനെക്കൊണ്ട് കഴിയാതായിരിക്കുന്നു.

പക്ഷെ, ജനനീതി മാസിക വായിക്കണമെന്നാഗ്രഹിക്കുന്നവർക്ക് കൃത്യമായി അത് അയച്ചുകൊടുക്കുന്നതിന് വേണ്ടിവരുന്ന മുഴുവൻ ക്ലേശങ്ങളും ഞങ്ങൾ സന്തോഷത്തോടെ ഏറ്റെടുക്കുന്നതാണ്.

അതിനാൽ, തുടർന്നും ജനനീതി ലഭിക്കണമെന്നാഗ്രഹിക്കുന്നവർ, ആ വിവരം ഒരു പോസ്റ്റ് കാർഡിൽ എഴുതി, താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുക. കാർഡ് അയയ്ക്കാത്തവർക്ക് 2008 ജൂൺമുതൽ മാസിക അയയ്ക്കുന്നതല്ലെന്ന് സവിനയം അറിയിക്കട്ടെ.

മാസികയുടെ നടത്തിപ്പിന്ന് വായനക്കാർ നൽകുന്ന ഏത് സഹായവും നന്ദിയോടെ സ്വീകരിക്കുന്നതാണ്.

**എഡിറ്റർ**
ജനനീതി, പി.ബി. നമ്പർ 8
മണ്ണുത്തി പി.ഒ., തൃശൂർ - 680651.

# സാമൂഹ്യക്ഷേമ വകുപ്പ് അറിയിക്കുന്നത്

23-02-2008 ലെ സർക്കാർ ഉത്തരവ് (G.O. Ms No. 14/2008) പ്രകാരം, ഗാർഹിക പീഡന നിരോധന നിയമം - 2005 വകുപ്പ് 10 (1) അനുസരിച്ച് തൃശൂർ ജില്ലയിലെ സേവന ദാതാവായി ജനനീതിയെ തിരഞ്ഞെടുത്ത് കൽപനയായിരിക്കുന്നു.

ഗാർഹിക പീഡനങ്ങൾക്ക് ഇരയാകുന്നവർക്കായി നിശ്ചിത ഫോറത്തിൽ പരാതികൾ തയ്യാറാക്കുക, അവരെ ആവശ്യമെങ്കിൽ വൈദ്യപരിശോധനയ്ക്ക് വിധേയരാക്കി റിപ്പോർട്ടുകൾ തയ്യാറാക്കുക, ആവശ്യാനുസരണം അവർക്ക് അഭയകേന്ദ്രങ്ങൾ ഏർപ്പാടാക്കിക്കൊടുക്കുക എന്നിവയ്ക്ക് പുറമെ മജിസ്ട്രേട്ട്, സുരക്ഷാ ഒഫീസർ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ S.I. തുടങ്ങിയവരുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുക എന്നിവയും ജനനീതിയുടെ ചുമതലയാണ്. ഇത്തരം നടപടികൾക്ക് നേതൃത്വം കൊടുക്കുന്നതിന്റെ നിയമപരിരക്ഷ ജനനീതിക്ക് ലഭിക്കുന്നതാണ്. കൂടാതെ, പീഡനത്തിന്നിരകളാകുന്നവരെ സാന്ത്വനപ്പെടുത്തുക, നിയമബോധനം നൽകുക, സൗജന്യ നിയമ സഹായം നൽകുക, അവർക്ക് അർഹതപെട്ട നിയമ സംരക്ഷണത്തെയും അവകാശങ്ങളെയും കുറിച്ച് വിവരം നൽകുക എന്നതും ജനനീതിയുടെ ഔദ്യോഗിക കർമ്മത്തിന്റെ ഭാഗമാണ്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2006-08
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 28-4-2008

# ആന്ധ്രയിലെ ബാലവേല: അധികൃതർ കണ്ണടക്കുന്നു

ആന്ധ്രയിൽ 2001 ലെ കാനേഷുമാരി കണക്കനുസരിച്ച് പതിമൂന്നര ലക്ഷം കുട്ടികൾ പരുത്തിപ്പാടങ്ങളിൽ പണിയെടുക്കുന്നുണ്ട്. രാജശേഖര റെഡ്ഡിയുടെ ഗവർമ്മേണ്ട് 2004 മുതൽ കർഷകർക്കനുകൂലമായൊരു നയമാണ് അനുവർത്തിച്ചുവരുന്നത്. ബാലവേല പെരുകി എന്നതാണ് ഇതിന്റെ ഫലം.

ആന്ധ്രയിലെ ഗുണ്ടൂർ ജില്ല പരുത്തികൃഷിയുടെ കേന്ദ്രമാണ്. അവിടെ 1,75,000 ഹെക്ടറിൽ പരിത്തികൃഷി ചെയ്യുന്നുണ്ട്. ഓരോ പരുത്തിത്തോട്ടത്തിലും കുറഞ്ഞത് പത്തുകുട്ടികളെങ്കിലും പണിയിലേർപ്പെട്ടിരിക്കും. പതിമൂന്നു വയസ്സിന്നു താഴെയുള്ള പെൺകുട്ടികളെയാണ് കൃഷിക്കാർക്കിഷ്ടം. നല്ല ഉഷാറായി പണിയെടുക്കുമെന്നുമാത്രമല്ല ഇവർ പരുത്തിക്ക് കാര്യമായ ക്ഷതമേൽപ്പിക്കുകയുമില്ല. ഗുണ്ടൂർ ജില്ലയിൽതന്നെ ഒരു ലക്ഷം കുട്ടികൾ പരുത്തിപ്പാടങ്ങളിൽ പണിയെടുക്കുന്നുണ്ട്.

രാവിലെ എട്ടുമണിക്ക് കുട്ടികൾ പാടത്തിറങ്ങണം; വൈകുന്നേരം ആറുമണിക്കേ പണി നിർത്തൂ. പരുത്തിയിൽനിന്ന് കുരുനീക്കം ചെയ്യുന്ന നാനൂറോളം ഗിന്നിങ് മില്ലുകൾ ഗുണ്ടൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംതന്നെ കുട്ടികളെ പണിക്ക് നിർത്തിയിട്ടുമുണ്ട്. ബാലവേല നിരോധിച്ചിട്ടുള്ളതാണെങ്കിലും അതൊന്നും ആരും കാര്യമാക്കുന്നില്ല. ഫാക്ടറി പരിശോധനക്കെത്തുന്ന ലേബർ ഇൻസെപ്കർമാർ കാശുവാങ്ങി സ്ഥലം വിടും.

പത്തുമണിക്കൂർ പണിയെടുക്കുന്ന ഒരു കുട്ടി മുപ്പതുകിലോ പരുത്തി ശേഖരിക്കും. ഒരു കിലോ പരുത്തി പറിച്ചാൽ കിട്ടുന്ന കൂലി മൂന്നു രൂപയാണ്. പരുത്തി പറിക്കുന്ന കാലത്ത് ഗുണ്ടൂർ ജില്ലയിലെ സ്കൂളുകളിൽ കൂട്ടികൾ ഉണ്ടാവാറില്ല. പരുത്തി കുരു കളയുന്ന ഗിന്നിങ് മില്ലുകളിൽ പണിയെടുക്കുന്ന കുട്ടികൾക്ക് ശ്വാസകോശരോഗങ്ങൾ സർവ്വ സാധാരണയാണ്. പരുത്തിപ്പാടങ്ങളിൽ പരുത്തി പറിക്കുമ്പോൾ കുട്ടികളുടെ കൈവിരൽ മുറിയും. പരുത്തിക്കു തളിച്ച കീടനാശിനിയിലെ വിഷം ഈ മുറിവുകളിലൂടെ കുട്ടികളുടെ ശരീരത്തിൽ പ്രവേശിച്ച് രോഗങ്ങളുണ്ടാക്കും.

ബാലവേല തടയാനായി പാടങ്ങളിലും ഫാക്ടറികളിലും പരിശോധന നടത്താറുണ്ടെന്ന് തൊഴിൽ വകുപ്പ് പറയുന്നു. ഈ പരിശോധന കൈക്കോഴ വാങ്ങാൻ മാത്രമാണെന്ന് പൊതു പ്രവർത്തകർ ആക്ഷേപിക്കുന്നു. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ:** വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.